

# നാലും മൂന്നും ഏഴ് !!

## അഥവാ

# അവശേഷിക്കുന്ന സുകൃതങ്ങൾ

അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

# നാലും മൂന്നും ഏഴ് !!
# അഥവാ
# അവശേഷിക്കുന്ന സുകൃതങ്ങൾ

അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ്
കായക്കൊടി

**جميع الحقوق محفوظة**

يحظر طبع أو تصوير أو ترجمة أو إعادة تنضيد الكتاب كاملا أو مجزأ أو تسجيله على أشرطة كاسيت أو إدخاله على الكمبيوتر أو برمجته على أسطوانات ضوئية إلا بموافقة خطية مسبقة من المؤلف.

No part of this book may be translated, reproduced, distributed in any form or by any means, or stored in a database or retrieval system without prior written permission from the author.

ഖുർആൻ ഹദീസ് വചനങ്ങൾ അടങ്ങുന്നതിനാൽ ഈ കൃതി ആദരവോടെ കൈകാര്യം ചെയ്യാൻ താൽപര്യം.

(Nalum Moonnum Ezhu Adhava Avaseshikkunna Sukruthangal)

| | | |
|---|---|---|
| Author | : | Abu Tariq Zubair Mohamed |
| Publishers | : | Al Huda Salafi Charitable Trust<br>Kayakkodi, Kerala, India |
| Printed at | : | Kochi |
| First Edition | : | 2021 |
| DTP, Design | : | ZR, Azhar |

بِسْــــــمِ اللهِ الرَحْمَنِ الرَحِيمِ

إن الحمد لله، نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا، ومن سيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدًا عبده ورسوله.

﴿ يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ ﴾ [آل عمران: 102]

﴿ يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبًا ﴾ [النساء: 1]

﴿ يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا ۞ يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا ﴾ [الأحزاب: 71-70]

أما بعد؛ فإن أصدق الحديث كتاب الله، وخير الهدي هدي محمد صلى الله عليه وسلم، وشر الأمور محدثاتها، فكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

سُبْحَانَ اللّٰهِ - وَ الْحَمْدُ لِلَّهِ
وَ لاَ إِلَهَ إِلاَّ اللّٰهُ - وَ اللّٰهُ أَكْبَرُ

اللهُمَّ اغْفِرْ لِي - اللهُمَّ ارْحَمْنِي - اللهُمَّ ارْزُقْنِي

# നാലും മൂന്നും ഏഴ് !!
# അഥവാ
# അവശേഷിക്കുന്ന സുകൃതങ്ങൾ

ഇത് വിഹ്വലമായ ഒരു മനസ്സിന്റെ മന്ത്രമാണ്. മനസ്സിൽ നിന്ന് മനസ്സിലേക്ക് പകരാനുള്ള വീര്യം. സിരകളിലേക്ക് അതിനെ ആവാഹിച്ചെടുക്കാൻ കഴിയുന്നില്ലെങ്കിൽ വിട്ടേക്കുക; വെറുതെ വായിച്ചു മുഷിയേണ്ടതില്ല. കാരണം, ആകർഷകമായ ശൈലിയിൽ, ഉയർന്ന പാരായണ ക്ഷമതയോടെ എഴുതപ്പെട്ട ഒരു ലേഖനമല്ല ഇത്.

അവസാന കാലത്താണ് നാം ജീവിക്കുന്നത്. ഇസ്‌ലാമിന്റെ ആദ്യനാളുകളിൽ നബി ﷺ യും അനുചരന്മാരും അനുഭവിച്ച അപരവൽക്കരണത്തിന്റെയും അന്യതാബോധത്തിന്റെയും പീഡനങ്ങളുടെയും തീച്ചൂളകളെ കുറിച്ച് കേട്ടിട്ടുണ്ട്. സമാനമായ തീച്ചൂളകൾ ജ്വലിക്കുന്ന കാലം. അവയിൽനിന്ന് വെറുപ്പിന്റെയും ശത്രുതയുടെയും ലാവ പുറത്തേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. ഇതൊന്നും അപ്രതീക്ഷിതമായ മാറ്റങ്ങളല്ല. ഇത്തരം ഒരു സാഹചര്യത്തിന്റെ തിരിച്ചുവരവിനെ കുറിച്ച് നബി ﷺ തന്നെ കാലേക്കൂട്ടി മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

അല്ലാഹു മാത്രമാണ് ഞങ്ങളുടെ റബ്ബ്, അവനെ മാത്രമേ ഞങ്ങൾ ആരാധിക്കൂ എന്നൊരു നിലപാട് സ്വീകരിച്ചതിന്റെ പേരിൽ ആട്ടിയോടിക്കപ്പെടുന്ന, വേട്ടയാടപ്പെടുന്ന, മുഖമില്ലാത്ത, മേൽവിലാസമില്ലാത്ത, ആലംബഹീനരായ ജനങ്ങൾ! റബ്ബിന്റെ മാത്രം കാവൽ തേടുന്ന അഭയാർത്ഥികൾ!! റബ്ബേ, ഞങ്ങൾ അശക്തരാണ്, കഴിവുകെട്ടവരാണ്. ഞങ്ങളോട് പൊറുക്കുകയും കരുണകാണിക്കുകയും ചെയ്യണേ, റഹ്‌മാനേ.

ഈ കുറിപ്പ് എനിക്കു വേണ്ടി തയ്യാറാക്കിയതാണ്. ഭൂലോകത്ത് മനസ്സമാധാനം കിട്ടാൻ, ചഞ്ചലഹൃദയത്തെ അടക്കി നിർത്താൻ,

പരലോകത്ത് അവസാനമായിട്ടെങ്കിലും രക്ഷപ്പെട്ട് കരകേറാൻ. മറ്റു ള്ളവരെ നന്നാക്കുക എന്നതിനല്ല പ്രഥമ പരിഗണന. സ്വയം രക്ഷ പ്പെടുക, അതിനുള്ള അവസാന ശ്രമവും നടത്തുക; അതാണ് മുഖ്യ ലക്ഷ്യം. ഇത് ആർക്കെങ്കിലും ഉപകരിച്ചാൽ അതും ആത്മരക്ഷക്ക് ഒരു താങ്ങായിക്കിട്ടുമല്ലോ. അങ്ങനെ ഒരു പ്രതീക്ഷ കൂടിയുണ്ട്.

അല്ലാഹു നമുക്ക് മുന്നിൽ വെച്ചുനീട്ടുന്ന വിലയേറിയ ഒരു ചരക്കുണ്ട്; അതാണ് സ്വർഗ്ഗം. അതെ, സ്വർഗ്ഗത്തിനു ജീവന്റെ വില യാണ്. എന്നാൽ ജീവൻ നൽകി സ്വർഗ്ഗം വാങ്ങാൻ കഴിയാത്ത ചില രുണ്ട്. സ്വർഗ്ഗത്തിനു വേണ്ടിയുള്ള മത്സരയോട്ടത്തിൽ എല്ലാവർക്കും ഒപ്പമെത്താൻ കഴിയാത്ത അതിദുർബ്ബലരായ ആളുകൾ. ഇരുട്ട് പടരും മുമ്പ് കൂടണയാൻ പോലും കഴിയാതെ പാതിവഴിയിൽ പെട്ടു പോകുന്ന പാവങ്ങൾ. അവർക്കുപോലും പ്രതീക്ഷ നൽകുന്ന ഒരു മഹാകാര്യത്തെ കുറിച്ചാണ് ഈ പരിചിന്തനം.

സത്യത്തിന്റെ ശത്രുക്കളോട് പൊരുതിക്കേറാനുള്ള വീര്യവും ശൗര്യവുമില്ലാത്തവർ. സത്യത്തിന്റെ മാർഗ്ഗത്തിൽ കൈവശമുള്ള സ്വത്ത് പോലും ചെലവഴിക്കാൻ ഹൃദയവിശാലത കിട്ടാത്തവർ. രാത്രിയുടെ ഇരുട്ടറകളിൽ ആരോരുമറിയാതെ അല്ലാഹുവിനുള്ള ആരാധനയിൽ മുഴുകാമെന്ന് കരുതിയാൽ അതിന് കരുത്തും സഹനവും ലഭിക്കാത്തവർ. ഇത്രത്തോളം അശക്തരും ഭീരുക്ക ളുമായ പാവങ്ങൾക്കുമുണ്ട് ഒരു പോംവഴി! അവരുടെ മുന്നിൽ പോലും വിരിയുന്ന പ്രതീക്ഷയുടെ പൊൻകിരണത്തെ കുറിച്ചാണ് ഈ പര്യാലോചന.

സ്രഷ്ടാവായ അല്ലാഹുവിന്റെ മുന്നിൽ ഏകനായി വന്ന് പിറന്ന പടി നിൽക്കുമ്പോൾ, താൻ താൻ ചെയ്തുവെച്ച പ്രവത്തനങ്ങ ളുടെ കണക്കു ബോധിപ്പിക്കുമ്പോൾ, കൂട്ടിയും കിഴിച്ചും, കൊണ്ടും കൊടുത്തും കൈ ശൂന്യമായിത്തീരുമ്പോൾ ബാക്കിയായി കിട്ടാ വുന്ന ഒരു വലിയ കാര്യത്തെ കുറിച്ചാണ് ഇവിടെ ചിന്തിക്കുന്നത് .

അതെ, എല്ലാം കൈവിട്ടുപോകുമ്പോൾ അവസാനം നമ്മുടെ കൂടെ നിൽക്കുന്ന അനിതരമായ ഒരു മഹാകാര്യത്തെ കുറിച്ചു തന്നെ.

നാലു കീർത്തനങ്ങൾ! മൂന്നു പ്രാർത്ഥനകൾ!! നാലും മൂന്നും ഏഴു കാര്യങ്ങൾ!!! ബിരുദവും വിദ്യാഭ്യാസവുമില്ലാത്ത, സർവ്വസാധാരണക്കാരനായ ഏതൊരു അഅ്റാബിക്ക് പോലും അയത്ന ലളിതമായി മനസ്സിലാക്കിയെടുക്കാവുന്ന ഗണിതം. ദുർബ്ബലരിൽ ദുർബ്ബലരും അശണരിൽ അശണരുമായ ഭീരുക്കൾക്കു പോലും സരളമായി നേടിയെടുക്കാൻ കഴിയുന്ന കാര്യം. വരിയിൽ നിൽക്കുന്ന അവസാന വ്യക്തിക്കു മാത്രമല്ല, വരി കണ്ടെത്താൻ പോലും കഴിയാത്ത നിസ്വരുടെയും പതിതരുടെയും വിജയമന്ത്രം!

ആ നാലു കീർത്തനങ്ങൾ അന്ത്യനാളിൽ കാവലാളായി വരും. ഇടതും വലതും കാവൽ നിൽക്കുന്ന സൈനിക സംഘങ്ങളായി നിലക്കൊള്ളും. മുന്നിലും പിന്നിലും നിരന്നുനിന്ന് സംരക്ഷണം ഉറപ്പിക്കുന്ന സൈനികവ്യൂഹമായിത്തീരും. അവയാണ് ഏറ്റവും ഒടുവിൽ നമ്മുടെ കൂടെ ബാക്കിയാകുന്ന നന്മകൾ. പ്രതിക്രിയകളുടെ അവകാശവാദങ്ങൾ പോലും അതിവർത്തിച്ച് അവസാനം വരെ നമ്മുടെ കൂടെ നിൽക്കുമെന്ന് പലർക്കും പ്രത്യാശയുള്ള അവശേഷിക്കുന്ന സുകൃതങ്ങൾ!!

ഇമാം ബൈഹഖി ശുഅബുൽ ഈമാനിൽ ഉദ്ധരിച്ച ഒരു മനോഹരമായ സംഭവം. അതിന്റെ മൂലവാക്യങ്ങൾ തന്നെ വായിക്കാം:

قَالَ الْبَيْهَقِيُّ رَحِمَهُ اللهُ تَعَالَى فِي شُعَبِ الْإِيمَانِ: أَخْبَرَنَا أَبُو الْحُسَيْنِ بْنُ بِشْرَان، أنا أَبُو جَعْفَرٍ مُحَمَّدُ بْنُ عَمْرٍو الرَّزَّازُ، ثنا الْحَسَنُ بْنُ ثَوَابٍ أَبُو عَلِيٍّ، حَدَّثَنِي عَمَّارُ بْنُ عُثْمَانَ الْحَلَبِيُّ أَبُو عُثْمَانَ، وَكَانَ أَحْمَدُ بْنُ حَنْبَلٍ يُوَثِّقُهُ وَتَأَسَّفَ عَلَى أَنَّهُ لَمْ يَكْتُبْ عَنْهُ شَيْئًا، حَدَّثَنِي جَعْفَرُ بْنُ سُلَيْمَانَ الضُّبَعِيُّ، عَنْ ثَابِتٍ، عَنْ أَنَسٍ، قَالَ: جَاءَ أَعْرَابِيٌّ إِلَى النَّبِيِّ ﷺ فَقَالَ: يَا رَسُولَ اللَّهِ، عَلِّمْنِي خَيْرًا، فَأَخَذَ النَّبِيُّ ﷺ بِيَدِهِ، فَقَالَ: قُلْ سُبْحَانَ اللَّهِ، وَالْحَمْدُ لِلَّهِ، وَلا إِلَهَ إِلا اللَّهُ، وَاللَّهُ أَكْبَرُ ، قَالَ: فَعَقَدَ الأَعْرَابِيُّ عَلَى يَدِهِ وَمَضَى فَتَفَكَّرَ، ثُمَّ رَجَعَ فَتَبَسَّمَ النَّبِيُّ ﷺ قَالَ: تَفَكَّرَ الْبَائِسُ فَجَاءَ، فَقَالَ: يَا رَسُولَ اللَّهِ،

سُبْحَانَ اللَّهِ، وَالْحَمْدُ لِلَّهِ، وَلا إِلَهَ إِلا اللَّهُ، وَاللَّهُ أَكْبَرُ هَذَا لِلَّهِ فَمَا لِي؟ فَقَالَ لَهُ النَّبِيُّ ﷺ: يَا أَعْرَابِيُّ، إِذَا قُلْتَ: سُبْحَانَ اللَّهِ، قَالَ اللَّهُ: صَدَقْتَ، وَإِذَا قُلْتَ: الْحَمْدُ لِلَّهِ، قَالَ اللَّهُ: صَدَقْتَ، وَإِذَا قُلْتَ: لا إِلَهَ إِلا اللَّهُ، قَالَ اللَّهُ: صَدَقْتَ، وَإِذَا قُلْتَ: اللَّهُ أَكْبَرُ، قَالَ اللَّهُ: صَدَقْتَ، وَإِذَا قُلْتَ: اللَّهُمَّ اغْفِرْ لِي، قَالَ اللَّهُ: قَدْ فَعَلْتُ، وَإِذَا قُلْتَ: اللَّهُمَّ ارْحَمْنِي، قَالَ اللَّهُ: فَعَلْتُ، وَإِذَا قُلْتَ: اللَّهُمَّ ارْزُقْنِي، قَالَ اللَّهُ: قَدْ فَعَلْتُ، قَالَ: فَعَقَدَ الأَعْرَابِيُّ عَلَى سَبْعٍ فِي يَدِهِ ثُمَّ وَلَّى. [البيهقي في شعب الإيمان، وأورده الألباني في سلسلة الأحاديث الصحيحة]

അനസ് رضي الله عنه നിവേദനം. അദ്ദേഹം പറയുന്നു:

ഗ്രാമീണനായ ഒരു അറബി നബി ﷺ യുടെ അടുത്തുവന്ന് ചോദിച്ചു:

അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ഒരു നല്ലകാര്യം പഠിപ്പിച്ച് തരാമോ?

അപ്പോൾ നബി ﷺ അദ്ദേഹത്തിന്റെ കൈപിടിച്ചു. എന്നിട്ട് പറഞ്ഞു:

താങ്കൾ സുബ്ഹാനല്ലാഹ്, അൽ ഹംദു ലില്ലാഹ്, ലാ ഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ എന്ന് ഉരുവിട്ടുകൊണ്ടിരിക്കുക.

അനസ് رضي الله عنه പറയുന്നു:

തന്റെ കൈകൊണ്ട് കണക്കു പിടിച്ച് അദ്ദേഹം അൽപം നടന്നു നീങ്ങി. ഒന്നാലോചിച്ച ശേഷം തിരികെ വന്നു.

അപ്പോൾ നബി ﷺ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു:

പാവം! അതിനെ കുറിച്ചാലോചിച്ച്, തലപുകഞ്ഞ് തിരികെ വന്നിരിക്കുന്നു!!

അദ്ദേഹം പറഞ്ഞു:

അല്ലാഹുവിന്റെ ദൂതരേ, സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്,

ലാ ഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ.. ഇത് അല്ലാഹുവിന്നു ള്ളതാണല്ലോ. എനിക്ക് എന്താണുള്ളത്?

നബി ﷺ അദ്ദേഹത്തിന് മറുപടി നൽകി:

ഓ, മനുഷ്യാ..

1. നിങ്ങൾ സുബ്ഹാനല്ലാഹ് എന്നു പറഞ്ഞാൽ അല്ലാഹു പ്രതിവചിക്കും: നീ പറഞ്ഞത് സത്യം.

2. അൽ ഹംദു ലില്ലാഹ് എന്നു പറഞ്ഞാൽ അല്ലാഹു തിരിച്ചു പറയും: നീ പറഞ്ഞത് സത്യം.

3. ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞാൽ അല്ലാഹു പറയും: നീ പറഞ്ഞത് സത്യം.

4. അല്ലാഹു അക്ബർ എന്നു പറഞ്ഞാൽ അല്ലാഹു മറുപടി നൽകും: നീ പറഞ്ഞത് സത്യം.

1. അല്ലാഹുവേ, നീ എന്നോട് പൊറുക്കണേ എന്നു നിങ്ങൾ തേടിയാൽ അല്ലാഹു ഉത്തരം ചെയ്യും: ഞാൻ അങ്ങനെ ചെയ്തിരി ക്കുന്നു.

2. അല്ലാഹുവേ, നീ എന്നോട് കരുണ കാണിക്കണേ എന്ന് നിങ്ങൾ യാചിച്ചാൽ അല്ലാഹു ഉത്തരം നൽകും: ഞാൻ അങ്ങനെ ചെയ്തിരിക്കുന്നു.

3. അല്ലാഹുവേ, നീ എനിക്ക് വിഭവങ്ങൾ നൽകണേ എന്ന് നിങ്ങൾ പ്രാർത്ഥിച്ചാൽ അല്ലാഹു പറയും: ഞാൻ അങ്ങനെ ചെയ്തി രിക്കുന്നു.

അനസ് رضي الله عنه പറയുന്നു:

അപ്പോൾ കൈവിരലുകൾ മടക്കി നാലും മൂന്ന് ഏഴെന്ന് കണക്കും പിടിച്ച് അദ്ദേഹം തിരിച്ചു പോയി.

(ബൈഹഖി ശുഅബുൽ ഈമാനിൽ ഉദ്ധരിച്ചത്, അൽബാനി സ്വഹീഹഃയിൽ ഉൾപ്പെടുത്തിയത്)

ഹദീസിൽ പറഞ്ഞ നാലു കീർത്തനങ്ങളെ കുറിച്ച് ഒരു ലഘു

വിവരണം നൽകാം. വായിച്ചാസ്വദിക്കാനല്ല, വിമർശിച്ചു തകർക്കാനല്ല; ജീവിക്കാൻ, അതിജീവനം കൈവരിക്കാൻ. അനുവാചകർക്കു വേണ്ടിയല്ല, ഈ എളിയവനു വേണ്ടി; പിന്നെ മാത്രം സഹൃദയരായ സത്യാന്വേഷികൾക്കും.

# തസ്ബീഹ് (سبحان الله)

'സുബ്ഹാനല്ലാഹ്' എന്നത് തസ്ബീഹിന്റെ വാക്കുകൾ. 'സുബ്ഹാന' എന്ന പദം ഒരു ക്രിയാനാമമാണ്. അതിന്റെ ഭാഷാർത്ഥം അകറ്റി നിർത്തുക, ഒഴിച്ചു നിർത്തുക എന്നെല്ലാമാണ്.

തസ്ബീഹിന്റെ വിവക്ഷ ഇപ്രകാരമാണ്: അല്ലാഹുവിനെയും അവന്റെ വിശുദ്ധിയെയും എല്ലാവിധ കളങ്കങ്ങളിൽനിന്നും കലർപ്പുകളിൽനിന്നും ഞാൻ അകറ്റിനിർത്തുന്നു. കളങ്കപ്പെടുത്തുന്ന എല്ലാ കാര്യങ്ങളെയും ഞാൻ നിരാകരിക്കുന്നു. സൃഷ്ടികൾ നടത്തുന്ന ദുരാരോപണങ്ങളിൾനിന്നും തെറ്റായ നടപടികളിൽ നിന്നും ഞാൻ അല്ലാഹുവിനെയും അവന്റെ വിശുദ്ധിയെയും ഉയർത്തിപ്പിടിക്കുന്നു. അല്ലാഹുവിനെ, അവന്റെ വിശുദ്ധിയെ, അവന്റെ അപദാനങ്ങളെ ഞാൻ വാഴ്ത്തുന്നു.

അവന്റെ വിശുദ്ധിയുടെ അടിസ്ഥാനം, അവനുമായി ബന്ധപ്പെട്ട എല്ലാം അവനു മാത്രമുള്ളതാണ് എന്നതത്രെ. അതിൽ ഒട്ടും കളങ്കമോ കലർപ്പോ ഇല്ല. അവനുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവന്റെ സത്താപരമായ കാര്യങ്ങൾ, ഉൽകൃഷ്ടമായ നാമങ്ങൾ, ഉന്നതമായ ഗുണവിശേഷങ്ങൾ, അതുല്യമായ പ്രവർത്തനങ്ങൾ, അപരിമേയമായ അധികാരാവകാശങ്ങൾ പോലുള്ളവയാണ്. അവന്റെ കാര്യങ്ങൾ അവനു മാത്രം അവകാശപ്പെട്ടതാണ്. അതിൽപെട്ട ഒന്നും മറ്റൊരാൾക്കും ഉണ്ടാവുകയില്ല. മറ്റുള്ളവരുടെ കാര്യങ്ങൾ അവനു ചേരുകയുമില്ല.

ഉദാഹരണമായി, അവന്റെ സത്ത അവനു മാത്രം അവകാശപ്പെട്ടതാണ്. അത് അന്യൂനവും പരിപൂർണ്ണവും അതിമനോഹരവുമാണ്. അതേപോലുള്ള സത്ത മറ്റാർക്കും ഇല്ല; ഇനി ഉണ്ടാവുകയുമില്ല. മറ്റുള്ളവരുടെ സത്ത അവനു ചേരുകയില്ല. സത്താപരമായി പൂർണ്ണനും, കലർപ്പും കളങ്കവുമേശാത്ത പരിശുദ്ധനുമാണ് അല്ലാഹു.

അവന്റെ നാമങ്ങളും ഗുണവിശേഷങ്ങളും അവനു മാത്രം അവകാശപ്പെട്ടതാണ്. അവ കുറ്റമറ്റവയും പരിപൂർണ്ണവും മനോഹരവുമാണ്. മറ്റാർക്കും അതുപോലുള്ള നാമങ്ങളോ ഗുണവിശേഷങ്ങളോ ഇല്ല; ഇനി ഉണ്ടാവുകയുമില്ല. മറ്റുള്ളവരുടെ നാമഗുണവിശേഷങ്ങൾ അവനു ചേരുകയില്ല. നാമഗുണവിശേഷങ്ങളിൽ അവൻ പൂർണ്ണനും പരിശുദ്ധനുമാണ്. അവയിൽ യാതൊരു കളങ്കവും കലർപ്പുമില്ല എന്നു സാരം.

അവന്റെ പ്രവർത്തനങ്ങൾ അവനു മാത്രം അവകാശപ്പെട്ടതാണ്. അവന്റെ ചെയ്തികൾ പൂർണ്ണവും ഭദ്രവും സുന്ദരവുമായിരിക്കും. മറ്റാർക്കും അതുപോലെ ഒരു പ്രവർത്തനം കാഴ്ചവെക്കാനാവില്ല. മറ്റുള്ളവരുടെ പ്രവർത്തനങ്ങൾ അവനു ചേരുകയുമില്ല. അവന്റെ പ്രവർത്തനങ്ങൾ അവനുമാത്രം അവകാശപ്പെട്ടതാണ്. ഒരു തരത്തിലുള്ള കലർപ്പും കളങ്കവും ചേർന്നിട്ടില്ലാത്ത വിശുദ്ധവും കുറ്റമറ്റതും സോദ്ദേശ്യപരവുമായ പ്രവർത്തനങ്ങളായിരിക്കും അല്ലാഹുവിന്റേത്.

അവന്റെ അധികാരാവകാശങ്ങളുടെ കാര്യമാവട്ടെ, അവനുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളാവട്ടെ, അവയുടെയെല്ലാം സ്ഥിതിയും ഇങ്ങനെ തന്നെ. അവനു സമാനമായി മറ്റൊരുവനോ, അവന്റെ കാര്യങ്ങളിൽ പങ്ക് അവകാശപ്പെടാവുന്നവനോ, അവനു സഹായിയായി വർത്തിക്കുന്നവനോ, അവന്റെയുടക്കൽ അനുവാദമില്ലാതെ ശിപാർശ പറയാൻ സ്വാധീനമുള്ളവനോ ആയി ആരുമില്ല.

അല്ലാഹുവിന്റെ കാര്യം അത്രമേൽ വിശുദ്ധമാണ്. ഒട്ടുമേ കലർപ്പില്ലാത്തതാണ്. ഈ വിശുദ്ധിയാവട്ടെ അവന്റെ ഏകത്വത്തിന്റെ താൽപര്യവുമാണ്. എന്നാൽ, അറിവില്ലാത്തവരും അക്രമികളുമായ ജനങ്ങൾ അവന്റെ വിശുദ്ധിക്ക് കളങ്കമേൽപ്പിക്കുന്ന വിധത്തിൽ വ്യാജമായ ദുരാരോപണങ്ങൾ കെട്ടിച്ചമക്കുന്നു. അവനു പുത്രന്മാരെയും പുത്രിമാരെയും നിശ്ചയിക്കുന്നു. അവന്റെയടുക്കൽ

സ്വാധീനമുള്ള ശിപാർശക്കാരുണ്ടെന്ന് വാദിക്കുന്നു. അവന്റെ ഉൽകൃഷ്ടമായ നാമങ്ങൾ സൃഷ്ടികൾക്ക് നൽകുന്നു. സ്വയം ചമച്ചുണ്ടാക്കിയതോ സൃഷ്ടികൾക്ക് ഉപയോഗിക്കുന്നതോ ആയ നാമങ്ങൾ അവനു ചാർത്തുന്നു. അവന്റെ അതുല്യമായ ഗുണവിശേഷങ്ങൾ സൃഷ്ടികൾക്ക് പതിച്ചുകൊടുക്കുന്നു. സൃഷ്ടികളുടെ ഗുണവിശേഷങ്ങൾ അവനിൽ ആരോപിക്കുന്നു. അവന്റെ ചെയ്തികൾ സൃഷ്ടികളുടെ പേരിൽ വകചേർക്കുന്നു. സൃഷ്ടികളുടേത് അവനിൽ ആരോപിക്കുന്നു. അവന്റെ അധികാരാവകാശങ്ങൾ സൃഷ്ടികൾക്ക് വകവെച്ചുകൊടുക്കുന്നു. സൃഷ്ടികളുടെ അപൂർണ്ണവും വികലവുമായ അധികാരാവകാശങ്ങളോട് അവന്റെ അപരിമേയമായ അധികാരാവകാശങ്ങളെ സാദൃശ്യപ്പെടുത്തുന്നു. ഇങ്ങനെ എന്തെല്ലാം ദുരാരോപണങ്ങൾ! എത്ര വലിയ വിവരദോഷിയും അക്രമിയുമാണ് മനുഷ്യൻ!!

സുബ്ഹാനല്ലാഹ് എന്ന് ഉരുവിടുന്ന ഒരു വിശ്വാസി പ്രഖ്യാപിക്കുന്നത്:

- വിവരദോഷികളായ അക്രമികളെ പോലെ, അല്ലാഹുവിന്റെ ഏകത്വത്തെയും വിശുദ്ധിയെയും കളങ്കപ്പെടുത്തുന്നവനല്ല ഞാൻ.
- വിവരദോഷികളായ അക്രമികളുടെ എല്ലാവിധ ദുരാരോപണങ്ങളെയും തെറ്റായ നടപടികളെയും ഞാൻ തീർത്തും നിരാകരിക്കുന്നു. അവയിൽ നിന്നെല്ലാം അല്ലാഹുവിനെയും അവന്റെ വിശുദ്ധിയെയും ഞാൻ അകറ്റിനിർത്തുന്നു.
- അവന്റെ ഏകത്വവും അതിന്റെ താൽപര്യത്തിൽപെട്ട വിശുദ്ധിയും ഞാൻ സദാ ഉയർത്തിപ്പിടിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു.

ഇതാണ് തസ്ബീഹ്. ഇവയാണ് സുബ്ഹാനല്ലാഹ് എന്നതിന്റെ നിഹിതാർത്ഥങ്ങൾ. പ്രാർത്ഥിക്കാൻ, പ്രകീർത്തിക്കാൻ മാതൃഭാഷ തന്നെ വേണം എന്ന് ശഠിക്കുന്നവരുണ്ട്. എങ്കിൽ മാത്രമേ പ്രാർത്ഥന കേൾക്കുന്നവനെ പോലെ പ്രാർത്ഥിക്കുന്നവനും അത്

മനസ്സിലാകൂ എന്നാണ് അതിനു പറയുന്ന യുക്തി. പക്ഷെ, ഈ യുക്തിക്കപ്പുറം ഒരു യാഥാർത്ഥ്യമുണ്ട്. അല്ലാഹുവിനുള്ള കീർത്തനങ്ങൾ സമഗ്രവും സമീകൃതവും ആകണമെങ്കിൽ, ആശയാവലികളുടെ അടരുകൾ യഥാവിധം അടുക്കിവെക്കണമെങ്കിൽ അവൻ നിർദ്ദേശിച്ച വാക്കുകളിൽ തന്നെ അവനെ പ്രകീർത്തിക്കണം, അവനോട് പ്രാർത്ഥിക്കണം.

അല്ലാഹുവിനെ അറിയുക. അവനുള്ള പ്രകീർത്തനങ്ങളും പ്രാർത്ഥനാ വചനങ്ങളും പഠിക്കുക. അല്ലാഹുവിനെ അറിഞ്ഞുകൊണ്ട് ആരാധിക്കുക. അപ്പോൾ മാത്രമാണ് ഇബാദത്ത് സാർത്ഥകമായിത്തീരുന്നത്.

# തഹ്മീദ് (اَلْحَمْدُ لِلَّهِ)

'അൽ ഹംദു ലില്ലാഹ്..' ഹംദിന്റെ വാക്കുകൾ! ഹംദിന്റെ ഭാഷാർത്ഥം സ്തുതി, സ്തോത്രം, വാഴ്ത്തൽ, കീർത്തനം എന്നൊക്കെയാണ്. അതിനോട് ചേർത്തിരിക്കുന്ന 'അൽ' വർഗ്ഗസാകല്യത്തെ ദ്യോതിപ്പിക്കുന്നു. അപ്പോൾ 'അൽഹംദു ലില്ലാഹ്' എന്നതിന്റെ സാമാന്യമായ അർത്ഥം, സർവ്വ സ്തുതിയും അല്ലാഹുവിന്ന് എന്നായിത്തീരുന്നു.

ഹംദ് നാവുകൊണ്ട് ചൊല്ലുകയാണ് വേണ്ടത്. 'അൽഹംദു ലില്ലാഹ്...' എല്ലാ സ്തുതിയും അല്ലാഹുവിന്ന് എന്ന് ഒരു അടിയൻ പറയുമ്പോൾ തന്റെ നാവുകൊണ്ട് അല്ലാഹുവിനെ പുകഴ്ത്തുന്നു; അവന്റെ അപദാനങ്ങൾ വാഴ്ത്തുന്നു, ഇതാണ് തഹ്മീദ്. രണ്ടു കാര്യങ്ങൾ മുൻനിർത്തിയാണ് ഹംദ് ചൊല്ലുന്നത്:

**1. അല്ലാഹുവിന്റെ പൂർണ്ണതയെ മുൻനിർത്തി**

അവന്റെ പൂർണ്ണത ഭാവനകൾക്കതീതമാണ്, അവാച്യമാണ്. അവനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്യൂനവും പരിപൂർണ്ണവും അതിമനോഹരവുമാണ്. അവന്റെ സത്തയുടെ, നാമങ്ങളുടെ, ഗുണവിശേഷങ്ങളുടെ, മഹാകൃത്യങ്ങളുടെ, അധികാരാവകാശങ്ങളുടെ തുടങ്ങി മുഴുവൻ കാര്യങ്ങളുടെയും മഹത്വവും മനോഹാരിതയും പൂർണ്ണതയും അനന്യതയും വർണ്ണനാതീതമാണ്. അവൻ ഏകനും അതുല്യനും അദ്വിതീയനുമാണ്. അവൻ ഉണ്ടായവനല്ല, ആദിയിലേ ഉള്ളവനാണ്. അവൻ ജാതനല്ല, ജനകനുമല്ല. അവനു ഭാര്യമാരില്ല; സന്താനങ്ങളില്ല. അവൻ കിടയറ്റവനാണ്. അവനു പങ്കുകാരില്ല, സഹായികളില്ല, സ്വാധീനിക്കാവുന്ന ശിപാർശകരില്ല. അവന്റെ കാര്യം അവനു മാത്രം അവകാശപ്പെട്ടതാണ്. അതിൽ ഒന്നും മറ്റാർക്കും ഉണ്ടാവുകയില്ല. മറ്റുള്ളവരുടെ കാര്യങ്ങൾ ഒന്നും അവനു ചേരുകയുമില്ല. ദൃഷ്ടികൾക്ക് അവനെ പ്രാപിക്കാനാവില്ല. അവൻ സൃഷ്ടികൾക്ക് അതീതനാണ്. അവൻ ഉയരങ്ങൾക്കെല്ലാം ഉപരിയിലാണ്. അർശിനും മീതെയാണ്. അവൻ

ദൃഷ്ടികളെയും അന്തരാളങ്ങളെയും പിടികൂടുന്നു. അവനെ കുറിച്ച് സൃഷ്ടികൾ സ്വന്തമായ വർണ്ണനകൾ ചമച്ചുണ്ടാക്കുന്നത് കൃത്യ വിലോപമാണ്. അവൻ തന്നെ അവനെ കുറിച്ച് തന്റെ ദൂതന്മാർ മുഖേന വർണ്ണിച്ചു തന്നിട്ടുണ്ട്. അത് അതേപടി സ്വീകരിക്കുക, ആവർത്തിക്കുക. അതാണ് വിശ്വാസത്തിന്റെയും സമർപ്പണത്തി ന്റെയും മാർഗ്ഗം. അതു മാത്രമാണ് സുരക്ഷിതമായ വഴി. അവന്റെ അപദാനങ്ങൾ നമുക്ക് തിട്ടപ്പെടുത്താനാവില്ല. അല്ലാഹുവേ, നീ നിന്നെ സ്വയം വാഴ്ത്തിയത് എപ്രകാരമാണോ അങ്ങനെയാണു നീ! നിന്റെ സകലമാന കാര്യങ്ങളും തഥൈവ!! നിന്നെ അറിയുന്ന ഒരു അടിയന് എങ്ങനെ നിന്നെ വാഴ്ത്താതിരിക്കാൻ കഴിയും?! നിന ക്കുള്ള സ്തുതി ചേതനയിൽ നിറയുന്നു. ആത്മബോധത്തിൽനിന്ന് നാവിലേക്ക് സംക്രമിക്കുന്നു. സ്തുതിയിൽ നിമഗ്നനായി ഞാൻ ഉരു വിടുന്നു: അൽ ഹംദു ലില്ലാഹ്..

**2. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ മുൻനിർത്തി**

അവൻ റഹ്മാനാണ്; മുഴുവൻ കാരുണ്യത്തിന്റെ സ്രോതസ്സ്. കാരുണ്യമത്രയും അവന്റേതാണ്. പരമവും ആത്യന്തികവുമായ കാരുണ്യം! അത് അവന്റെ കോപത്തെയും കവച്ചുവെച്ചിരിക്കുന്നു. അവൻ ഇഹത്തിലും പരത്തിലും റഹ്മാനാണ്.

അവൻ റഹീമാണ്; സൃഷ്ടികൾക്ക് കാരുണ്യം ചൊരിയുന്നവൻ. അവൻ കാരുണ്യത്തെ നൂറായി ഭാഗിച്ചു. ഒരു ഭാഗം സൃഷ്ടികൾക്കിട യിൽ വീതിച്ചു. അതുമൂലമാണ് അവർ പരസ്പരം കാരുണ്യത്തോടെ വർത്തിക്കുന്നത്. മനുഷ്യർ മാത്രമല്ല, തിര്യക്കുകളും. മൃഗങ്ങൾ കിടാങ്ങളോട്, പക്ഷികൾ കുഞ്ഞുങ്ങളോട്.. അങ്ങനെ എല്ലാവരും. അവന്റെ കാരുണ്യം സകലതിനെയും ചൂഴ്ന്നുനിൽക്കുന്നു. അവൻ ഇഹത്തിലും പരത്തിലും റഹീമാണ്.

അല്ലാഹു കരുണ ചെയ്യുന്നു എന്നതിന്റെ വിവക്ഷ നല്ല ഉദ്ദേശ്യ ങ്ങൾ സഫലീകരിച്ചു തരിക, ഭയപ്പെടുന്ന കാര്യങ്ങളിൽനിന്ന് രക്ഷ യേകുക, സംഭവിച്ചു പോയ വീഴ്ചകൾ പൊറുത്തു തരിക എന്ന

താണ്. റഹ്മാനും റഹീമുമായ അല്ലാഹു നമുക്ക് ചെയ്തു തന്ന അനുഗ്രഹങ്ങൾ അസംഖ്യവും അപാരവുമാണ്. അവന്റെ ഔദാര്യങ്ങൾ അളവറ്റതാണ്. നമുക്കത് എണ്ണി തിട്ടപ്പെടുത്താനാവില്ല. അല്ലാഹുവേ, ഞാൻ തന്നെയും എന്റേതും എനിക്കുള്ളതും എന്റെ ചുറ്റുപാടുകളും എല്ലാമെല്ലാം നിന്റെ അനുഗ്രഹം മാത്രം. നിന്റെ ആശിസ്സുകളില്ലാതെ ഒരു നിമിഷാർദ്ധം എനിക്കു നിലനിൽക്കാനാവില്ല. നിന്റെ അനുഗ്രഹങ്ങൾ ഓർക്കുമ്പോൾ ഉള്ളിൽ നിറയുന്ന സ്തുതി നാവിലൂടെ പുറത്ത് വരുന്നു: അൽ ഹംദു ലില്ലാഹ്..

മനസ്സു നിറയാതെ, നാവു കൊണ്ട് സ്തുതിയെന്നു പറഞ്ഞാൽ ഹംദ് ആവില്ല. അത് അർത്ഥശൂന്യമായ പുകഴ്ത്തൽ മാത്രമായിരിക്കും. അല്ലാഹുവിന്റെ പൂർണ്ണതയെയും അനുഗ്രഹങ്ങളെയും കുറിച്ചുള്ള ശരിയായ ആത്മബോധത്തോടെ, അവനോടുള്ള പരമമായ സ്നേഹവും ഭയപ്പാടും പ്രതീക്ഷയും മനസ്സിൽ നിറയണം. അങ്ങനെ ഹൃദയം അവനെ വാഴ്ത്തണം. അത് നാവിലേക്കെത്തി പുറത്തേക്ക് ഉതിർന്നു വീഴണം. അപ്രകാരം നാവിൽനിന്ന് ഉതിർന്നു വീഴുന്ന മുത്തുകളാണ് ഹംദ്.

**സ്തുതിയും നന്ദിയും: ഒരു താരതമ്യം**

സ്തുതിയുടെ ബന്ധം വിപുലവും ഉപാധി ഏകവുമാണ്. അഥവാ അല്ലാഹുവിന്റെ പൂർണ്ണതയുടെയും അനുഗ്രങ്ങളുടെയും അതിവിപുലമായ ആശയ സഞ്ചയവുമായിട്ടാണ് സ്തുതി ബന്ധപ്പെട്ടു കിടക്കുന്നത്. എന്നാൽ സ്തുതി പ്രകടിപ്പിക്കാനുള്ള ഉപകരണം ഏകമാണ്. അതാണ് നാവ്.

നന്ദിയുടെ ബന്ധം ഏകവും ഉപാധികൾ ബഹുമുഖവുമാണ്. നന്ദിയുടെ ബന്ധം അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് മാത്രമാണ്. അവന്റെ പൂർണ്ണത, അനനൃത, മനോഹാരിത എന്നിവയോടൊന്നും നന്ദിക്കു ബന്ധമില്ല. എന്നാൽ നന്ദി പ്രകാശിപ്പിക്കാനുള്ള ഉപകരണങ്ങൾ പലതാണ്; മനസ്സ്, നാവ്, ശരീരാവയവങ്ങൾ. ഇവയെല്ലാം നന്ദി പ്രകാശിപ്പിക്കാനുള്ള ഉപാധികാളാണ്.

തസ്ബീഹ് നിരാസമാണ്. വിവരദോഷികളായ അക്രമികൾ അല്ലാഹുവിനെ കുറിച്ച് നടത്തുന്ന തെറ്റായ ആരോപണങ്ങളുടെ നിരാസം. തഹ്മീദ് സ്ഥിരീകരണമാണ്. അല്ലാഹുവിനെ കുറിച്ചുള്ള അവന്റെ സ്വന്തം വർണ്ണന; സത്യസന്ധരായ ദൂതന്മാർ അറിയിച്ചു തന്ന ആ വർണ്ണനകളുടെ സ്ഥിരീകരണം. തസ്ബീഹ് പൂർണ്ണമാകുന്നത് തഹ്മീദോടു കൂടിയാണ്. അതുകൊണ്ടാണ് ദിക്റുകളിൽ അവ ഒരുമിച്ച് വരുന്നത്. അല്ലാഹുവിനെ കുറിച്ച് അക്രമികൾ നടത്തുന്ന തെറ്റായ വർണ്ണനകളും ആരോപണങ്ങളും ഞാൻ നിരാകരിക്കുന്നു. അവനെ കുറിച്ച് ദൂതന്മാർ മുഖേന അവൻ അറിയിച്ചു തന്ന വർണ്ണനകൾ ഉയർത്തിപ്പിടിച്ച് ഞാൻ അവനെ വാഴ്ത്തുന്നു. സുബ്ഹാനല്ലാഹി വബി ഹംദിഹീ..

# തഹ്ലീൽ (لَا إِلَٰهَ إِلَّا اللهُ)

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നത് അല്ലാഹുവിന്റെ ഏകത്വം ഉദ്ഘോഷിക്കാനുള്ള സത്യസാക്ഷ്യത്തിന്റെ വചനം. ദൃഢബോധ്യത്തോടെ അത് പ്രഖ്യാപിക്കുമ്പോൾ മാത്രമാണ് ഒരാൾ മുസ്‌ലിമാകുന്നത്. അല്ലാഹു അല്ലാതെ ന്യായമായും ആരാധിക്കപ്പെടേണ്ടവനായി ആരുമില്ല എന്നാണ് അതിന്റെ അർത്ഥം. അതിനെ സാക്ഷ്യവചനം (كلمة الشهادة) എന്നാണ് വിശേഷിപ്പിക്കാറുള്ളത്. അങ്ങനെ പറയാൻ രണ്ട് കാര്യമുണ്ട്:

- (ഒന്ന്) ന്യായമായും ആരാധിക്കപ്പെടാൻ അർഹൻ അല്ലാഹു മാത്രം എന്ന യാഥാർത്ഥ്യം സാക്ഷ്യപ്പെടുത്തിയ സാക്ഷികളുടെ വലിപ്പം തന്നെ. അത് ഒന്നാമതായി സാക്ഷ്യപ്പെടുത്തിയത് അല്ലാഹു; പിന്നെ മലക്കുകളും അറിവ് നൽകപ്പെട്ട പണ്ഡിതവരേണ്യരും.

- (രണ്ട്) സാക്ഷ്യപ്പെടുത്തപ്പെട്ട ഉള്ളടക്കത്തിന്റെ മഹത്വം. ഏകനായ അല്ലാഹു മാത്രമാണ് മുഴുലോകങ്ങളുടെയും ലോകരുടെയും സ്രഷ്ടാവും ഉടമസ്ഥനും നിയന്താവും ആയിട്ടുള്ളവൻ. അതിനാൽ ന്യായമായും ആരാധിക്കപ്പെടേണ്ടത് അവൻ മാത്രം. ഇതിലാണ് പരമമായ നീതിയും ന്യായവുമുള്ളത്. അവനു പുറമെ ആരാധിക്കപ്പെടുന്നവയെല്ലാം വ്യാജന്മാർ. വ്യാജമൂർത്തികളെ ആരാധിക്കുന്നതിനെക്കാൾ വലിയ അക്രമവും അപരാധവും മറ്റെന്തുണ്ട്?!

സമസ്ത ലോകങ്ങളിലും വാഴ്ത്തപ്പെട്ട, ദിഗന്തങ്ങളിൽ മുഴങ്ങിക്കേട്ട, ചിരന്തനമായി നിലനിന്നുപോന്ന, അഖില പ്രവാചകന്മാരും പ്രബോധനം ചെയ്തതിൽ സർവ്വോൽകൃഷ്ടമായ വചനം. 'ലാ ഇലാഹ ഇല്ലല്ലാഹ്..' അല്ലാഹുവിനെ സ്മരിക്കാൻ, അവനോട് പ്രാർത്ഥിക്കാൻ ഇതിനെക്കാൾ ശ്രേഷ്ഠമായ മറ്റൊന്ന് വേറെയില്ല.

• ഈ സാക്ഷ്യവചനത്തിന് രണ്ടു ഭാഗങ്ങളുണ്ട്:
1. 'ലാ ഇലാഹ' ആരാധിക്കപ്പെടേണ്ടവനായി ആരുമില്ലെന്ന നിരാസത്തിന്റെ ഭാഗം.
2. 'ഇല്ലല്ലാഹ്' അല്ലാഹു ഒഴികെ - ന്യായമായി ആരാധിക്കപ്പെടേണ്ടവൻ അവൻ മാത്രമണെന്ന സ്ഥിരീകരണത്തിന്റെ ഭാഗം

ആദ്യ ഭാഗം, മനസ്സിൽ പ്രതിഷ്ഠിച്ചിട്ടുള്ള മുഴുദൈവങ്ങളെയും കുടിയിറക്കി ഹൃദയം ശുദ്ധീകരിക്കുന്നു. രണ്ടാമത്തെ ഭാഗം വ്യാജ ദൈവങ്ങളിൽ നിന്നെല്ലാം തീർത്തും മുക്തമായ ഹൃദയവിശുദ്ധിയിൽ അല്ലാഹുവിനെ മാത്രമായി സ്ഥാപിക്കുന്നു. ആ സംസ്ഥാപനം യഥാവിധമാണെങ്കിൽ ഇനി ഒരു വ്യാജദൈവത്തിനും അവിടേക്ക് പ്രവേശിക്കാനാവില്ല. അവിടം വാഴുക ഏകനായ അല്ലാഹു മാത്രം. അവനു പങ്കുകാരില്ല. എല്ലാം അവന്റേതു മാത്രം. അവനുള്ള സമർപ്പണം സമ്പൂർണ്ണമാകുമ്പോഴാണ് ഹൃദയം അതിന്റെ മഹത്വം കൈവരിക്കുന്നത്.

ആരാധന മുഴുവനായും അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. അത് നിറവേറ്റൽ അടിയന്മാരുടെ കടമയും. അല്ലാഹുവിനെ ആരാധിക്കാൻ മടികാണിക്കുന്ന ഒരു അഹങ്കാരി, അല്ലാഹുവിനു മാത്രം അർഹതപ്പെട്ടതും അടിയന്മാരുടെമേൽ ബാധ്യതപ്പെട്ടതുമായ മൗലിക കർത്തവ്യം നിറവേറ്റാത്ത അവിശ്വാസിയായിത്തീരുന്നു.

ആരാധനയിൽനിന്ന് എന്തെങ്കിലുമൊന്ന് മറ്റാർക്കെങ്കിലും വീതിച്ചുകൊടുക്കുന്നവൻ മുശ്‌രിക്ക്. വീതംവെക്കുന്ന ഒന്നും അല്ലാഹുവിന്ന് ആവശ്യമില്ല. അവൻ ധന്യനാണ്. പങ്കുവെക്കുന്ന മുശ്‌രിക്കിനെയും അവൻ സമർപ്പിക്കുന്ന വിഹിതത്തെയും ഒരു പോലെ അല്ലാഹു പരിവർജ്ജിക്കും. മുഴുവനായി, യാതൊരു കലർപ്പുമില്ലാതെ, അവനു മാത്രം സമർപ്പിക്കുന്നതേ അവൻ സ്വീകരിക്കുകയുള്ളു.

സത്യസാക്ഷ്യത്തിന്റെ വചനം ഒരു മനോഗതമായി കൊണ്ടു നടന്നാൽ പോരാ, ഉച്ചൈസ്തരം ഉദ്ഘോഷിച്ചാൽ പോരാ, അതു

പ്രകാരം അല്ലാഹുവിനെ ആരാധിച്ചാൽ പോരാ, മറ്റാരെയും ആരാധിക്കാതിരുന്നാൽ പോരാ, അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്ന വ്യാജദൈവങ്ങളിലും അവരെ ആരാധിക്കുന്ന മുശ്‌രിക്കുകളിലും അവർ സമർപ്പിക്കുന്ന ആരാധനകളിലും അവിശ്വാസം രേഖപ്പെടുത്തണം. ആ പക്ഷത്ത് ഞാനില്ല, അതിൽ നിന്ന് തീർത്തും പേർത്തും ഞാൻ ഒഴിവാണെന്നു പ്രഖ്യാപിക്കുക കൂടി വേണം. ത്വാഗൂത്തുകളുടെ കാര്യത്തിൽ നിലപാടില്ലാത്ത ഷണ്ഡന്മാരായ മൗനികൾക്കുള്ളതല്ല ഈ വചനം. ഇതു സത്യാസത്യത്തിന്റെ വിവേചനമാണ്; സ്വർഗ്ഗ നരകങ്ങൾക്കിടയിലെ വിഭജനരേഖയാണ്.

സത്യസാക്ഷ്യ വചനമാണ് സ്വർഗ്ഗത്തിന്റെ താക്കോൽ. അതിന് ഏഴു പല്ലുകളുണ്ട്. അതിലൊന്നിനെങ്കിലും വല്ല ന്യൂനതയും സംഭവിച്ചാൽ സ്വർഗ്ഗം തുറക്കാനാവില്ല. അവയാണ് സാക്ഷ്യവചനത്തിന്റെ നിബന്ധനകൾ. (شُرُوطُ لَاإِلَهَ إِلَّااللهُ) ഈ വചനത്തെ കുറിച്ചുള്ള അജ്ഞത തീർത്തും അകറ്റുന്ന അറിവ്, സർവ്വ സന്ദേഹങ്ങളും ഇല്ലാതാക്കുന്ന ദൃഢബോധ്യം, എല്ലാവിധ പങ്കാളിത്തവും നിരാകരിക്കുന്ന ഏകത്വം, കള്ളത്തരങ്ങളെല്ലാം തള്ളുന്ന സത്യത, ലവലേശം വെറുപ്പ് അവശേഷിപ്പിക്കാത്ത പരമമായ സ്നേഹം, യാതൊരു ഉപേക്ഷയുമില്ലാതെയുള്ള കീഴ്പ്പെടൽ, തിരസ്കാരമൊട്ടുമില്ലാത്ത സ്വീകാരം, അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്ന മുഴുവൻ ത്വാഗൂത്തുകളിലുമുള്ള അവിശ്വാസം ഇവയാണ് മേൽ പറഞ്ഞ ഏഴു നിബന്ധനകൾ.

സത്യസാക്ഷ്യത്തെ റദ്ദുചെയ്യുന്ന കാര്യങ്ങൾ (نَوَاقِضُ) പലതാണ്. സുപ്രധാനമായവ മാത്രം പറയാം. ആരാധനയിൽ പങ്കുചേർക്കുക, അല്ലാഹുവിന് മധ്യവർത്തികളെ നിശ്ചയിക്കുക, മുശ്‌രിക്കുകൾ അവിശ്വാസികളല്ലെന്നോ അവരുടെ പക്ഷം ശരിയാണെന്ന് വെക്കുകയോ അതിൽ സംശയിക്കുകയോ ചെയ്യുക, മുഹമ്മദ് ﷺ കാണിച്ച സാന്മാർഗ്ഗിക ദർശനങ്ങളെക്കാൾ പൂർണ്ണവും ഉത്തമവും മറ്റുള്ളവയാണെന്ന് വിശ്വസിക്കുക, അവിടുന്ന് കാണിച്ചു തന്ന ഏതെങ്കിലും ഒരു കാര്യത്തെ വെറുക്കുക, അവിടുന്ന് കൊണ്ടുവന്ന ദീനിനെ പരിഹസിക്കുക, സിഹ്ർ ചെയ്യുകയോ ചെയ്യിപ്പിക്കുകയോ അതിൽ

തൃപ്തിപ്പെടുകയോ ചെയ്യുക, സത്യവിശ്വാസത്തിനെതിരിൽ അവിശ്വാസത്തോടൊപ്പം ചേർന്ന് പോരാടുക, ചിലർക്ക് മുഹമ്മദ് ﷺ യുടെ ശരീഅത്ത് ബാധകമല്ലെന്ന് വിശ്വസിക്കുക, ദീനിൽനിന്ന് പൂർണ്ണമായും വിമുഖത കാണിക്കുക.

സത്യസാക്ഷ്യം അംഗീകരിക്കാതെയോ അത് റദ്ദുചെയ്തവനായോ മരിക്കുന്നവൻ നരകത്തിൽ ശാശ്വതനാണ്. ശിർക്ക് ചെയ്യാതെ സത്യസാക്ഷ്യത്തോടെ ഒരാൾ മരണപ്പെട്ടാൽ അവൻ സ്വർഗ്ഗത്തിലുമാണ്. മറ്റു പാപങ്ങൾ അല്ലാഹുവിന്റെ വേണ്ടുകയാൽ പൊറുക്കപ്പെടാം. പാപമോചനം ലഭിക്കാത്ത വല്ലതുമുണ്ടെങ്കിൽ തന്നെ അതിനുള്ള ശിക്ഷ കഴിഞ്ഞ് അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യും.

തഹ്‌ലീൽ നരകത്തിൽനിന്നുള്ള രക്ഷയാണ്. മറ്റെല്ലാറ്റിനെയും കവച്ചു വെക്കുന്ന ഗുണങ്ങളാണ് അതിനുള്ളത്. ഒരു ഉദാഹരണം മാത്രം കാണുക:

عن عبد الله بن عمرو قال: قال رسول الله صلى الله عليه وسلم: إن الله سيخلص رجلا من أمتي على رءوس الخلائق يوم القيامة، فينشر عليه تسعة وتسعين سجلا، كل سجل مثل مد البصر، ثم يقول: أتنكر من هذا شيئا؟ أظلمك كتبتي الحافظون؟ فيقول: لا يا رب، فيقول: أفلك عذر؟ فيقول: لا يا رب، فيقول: بلى؛ إن لك عندنا حسنة، فإنه لا ظلم عليك اليوم، فتخرج بطاقة، فيها أشهد أن لا إله إلا الله، وأشهد أن محمدا عبده ورسوله، فيقول: احضر وزنك، فيقول: يا رب ما هذه البطاقة مع هذه السجلات؟ فقال: إنك لا تظلم، قال: فتوضع السجلات في كفة، والبطاقة في كفة، فطاشت السجلات، وثقلت البطاقة، فلا يثقل مع اسم الله شيء. [الترمذي وابن ماجة في سننهما وصححه الألباني]

അബ്ദുല്ലാഹ് ബിൻ അംറ് رضي الله عنه നിവേദനം. നബി ﷺ പറഞ്ഞു: അന്ത്യനാളിൽ സമസ്ത സൃഷ്ടികളുടെയും മുന്നിൽവെച്ച് എന്റെ സമുദായത്തിൽപെട്ട ഒരാളെ തെരഞ്ഞെടുത്ത് ഹാജരാക്കും.

അദ്ദേഹത്തിന്റേതായി തൊണ്ണൂറ്റി ഒമ്പത് ഏടുകൾ നിവർത്തപ്പെടും. ഓരോന്നും കണ്ണെത്തുന്നതു വരെ നീണ്ടു കിടക്കുന്ന ഏടുകൾ. പിന്നീട് അല്ലാഹു ചോദിക്കും: ഇതിൽപ്പെട്ട ഏതെങ്കിലും ഒന്ന് നിനക്ക് നിഷേധിക്കാനാകുമോ? ഞാൻ നിശ്ചയിച്ച പരിപാലകരായ എഴുത്തുകാർ നിന്നോട് വല്ല അന്യായവും ചെയ്തുവോ? അദ്ദേഹം പറയും: റബ്ബേ, ഒരിക്കലുമില്ല.. പിന്നീട് അവൻ ചോദിക്കും: നിനക്കു വല്ല ഒഴികഴിവും പറയാനുണ്ടോ? അപ്പോൾ അദ്ദേഹം പറയും: റബ്ബേ, ഇല്ല.. അപ്പോൾ അല്ലാഹു പറയും: അതെ, നമ്മുടെ അടുക്കൽ നിനക്ക് ഒരു നന്മയുണ്ട്. ഇന്ന് നിനക്കെതിരിൽ യാതൊരു അന്യായവുമില്ല അങ്ങനെ, ഒരു കാർഡ് പുറത്തെടുക്കപ്പെടും. അതിൽ, അല്ലാഹുവല്ലാതെ ന്യായമായും ആരാധിക്കപ്പെടേണ്ടവനായി ആരുമില്ലെന്ന് ഞാൻ സാക്ഷ്യംവഹിക്കുന്നു; മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അപ്പോൾ അല്ലാഹു പറയും: നിന്റെ കർമ്മങ്ങൾ തൂക്കുന്നതിന് നീ ഹാജരാവുക. അവൻ ചോദിക്കുന്നു: ഈ ഏടുകൾക്കൊപ്പം ഈ ഒരു കാർഡിനെന്തു സാംഗത്യം? അപ്പോൾ അല്ലാഹു പറയും: നീ അന്യായത്തിന് ഇരയാവുകയില്ല. അങ്ങനെ ഏടുകൾ ഒരു തട്ടിലും കാർഡ് മറുതട്ടിലും വെക്കപ്പെടും. അപ്പോൾ ഏടുകൾ ഘനമില്ലാതെ പൊങ്ങിപ്പോവുകയും കാർഡ് ഭാരം തൂങ്ങുകയും ചെയ്യും. അല്ലാഹുവിന്റെ നാമത്തിനൊപ്പം ഒന്നും ഘനം തൂങ്ങുകയില്ല.

(തിർമുദി, ഇബ്നു മാജഃ സുനനുകളിൽ ഉദ്ധരിച്ചത്)

# തക്ബീർ (اللهُ أَكْبَرُ)

'അല്ലാഹു അക്ബർ' അല്ലാഹുവാണ് ഏറ്റവും വലിയവൻ!! അല്ലാഹുവിനെ കുറിച്ച് ഒറ്റവാക്കിലുള്ള ഏറ്റവും മഹത്തായ വർണ്ണന. അതിൽ എല്ലാം അടങ്ങിയിരിക്കുന്നു. അവനെ സ്മരിക്കാൻ, അവനെ നമസ്കരിക്കാൻ, അവനെ പ്രകീർത്തിക്കാൻ, നന്മയും വിജയവും വിളംബരം ചെയ്യാൻ ഇതിനെക്കാൾ സമഗ്രവും സംക്ഷിപ്തവുമായ മറ്റൊരു ശബ്ദം വേറെയില്ല.

അല്ലാഹുവാണ് ഏറ്റവും വലിയവൻ!! മനുഷ്യന്റെ ഗ്രാഹ്യശേഷിക്കും ഭാവനാവിലാസങ്ങൾക്കും പരിമിതികളുണ്ട്. വസ്തുക്കളെയും വസ്തുതകളെയും കുറിച്ചുള്ള സങ്കൽപനങ്ങളിൽ ഭൗതികമാനങ്ങളുടെ ചട്ടക്കൂടുകൾ ഭേദിക്കാൻ അവനു സാധിക്കില്ല. അല്ലാഹുവിന്റെ വലിപ്പത്തിനും മഹത്വത്തിനും പെരുമക്കും ഗരിമക്കും ഭൗതികമായ മാനങ്ങൾക്കപ്പുറം ധാരാളം അർത്ഥങ്ങളും തലങ്ങളുമുണ്ട്. അവയെ പൂർണ്ണമായി ഗ്രഹിക്കാനുള്ള ബൗദ്ധികക്ഷമത മനുഷ്യനു നൽകപ്പെട്ടിട്ടില്ല. അവയെല്ലാം സ്പർശിക്കാനുള്ള ഭാഷാശേഷിയും അവനില്ല. എന്നാൽ സൃഷ്ടികളുടെ മുമ്പിലും പിന്നിലുമുള്ള എല്ലാം അല്ലാഹു സൂക്ഷ്മമായറിയുന്നു. അല്ലാഹുവിന്റെ അറിവിൽപെട്ട ഒന്നു പോലും പൂർണ്ണമായി അറിയാനുള്ള കഴിവ് മനുഷ്യനില്ല. ഇതാണ് യഥാർത്ഥമായ മനുഷ്യാവസ്ഥ. അതിനാൽ തക്ബീർ ഉൾക്കൊള്ളുന്ന ആശയങ്ങളിൽ മനുഷ്യന് ഗ്രഹിക്കാവുന്നതും ഭാഷയിലൂടെ വിനിമയം ചെയ്യാവുന്നതുമായ ഏതാനും ചില കാര്യങ്ങളെ കുറിച്ച് മാത്രമാണ് ഈ പരിചിന്തനം.

അല്ലാഹുവിന്റെ മഹത്വത്തിലും വലിപ്പത്തിലും ഉയർന്നു നിൽക്കുന്നത് അവന്റെ ഏകത്വമാണ്. അല്ലാഹുവിനെ മഹത്വപ്പെടുത്തുക എന്നാൽ അവന്റെ ഏകത്വം ഉയർത്തിപ്പിടിക്കുക എന്നാണർത്ഥം. കാരണം അവന്റെ മഹത്വവും വലിപ്പവും ഗരിമയും പെരുമയുമെല്ലാം അവനു മാത്രം അവകാശപ്പെട്ടതാണ്. അവയെല്ലാം

അവനു മാത്രം നിരക്കുന്നതുമാണ്. അവയെല്ലാം അവനെ ഏകനും അതുല്യനുമാക്കുന്നു, അവനോളം മഹത്വമുള്ള ആരുമില്ല. അവന്റെ ഗരിമയും പെരുമയും മറ്റാർക്കും അവകാശപ്പെടാനുമാവില്ല. അവൻ ഒഴികെയുള്ള എല്ലാം അവന്റെ സൃഷ്ടികളും അടിമകളും മാത്രം. അവനെക്കാളോ അവനോളമോ വലിയവനായി ആരുമില്ല. അങ്ങനെ ആരെങ്കിലും ഉണ്ടെന്നു നിരൂപിക്കുന്നത് അവന്റെ ഏകത്വത്തിനു വിരുദ്ധവും അവന്റെ ശാസനകളുടെ ലംഘനവുമാണ്. അവന്റെ മഹത്വവും വലിപ്പവുമാണ് അവനെ ഏകനും അദ്വിതീയനുമാക്കുന്നത്. അവന്റെ വലിപ്പം തന്നെയാണ് അവന്റെ ഏകത്വം. അല്ലാഹുവിനെ കുറിച്ച് അവൻ തന്നെ വർണ്ണിക്കുന്നത് കാണുക:

﴿هُوَ الْأَوَّلُ وَالْآخِرُ وَالظَّاهِرُ وَالْبَاطِنُ وَهُوَ بِكُلِّ شَيْءٍ عَلِيمٌ﴾ [الحديد 3]

അവൻ ആദിയും അന്തിമനും ഉപരിയിലുള്ളവനും ഉള്ളായവനുമാണ്. അവൻ സർവ്വ കാര്യങ്ങളെ കുറിച്ചും സൂക്ഷ്മജ്ഞനുമാണ്. (ഹദീദ് 3)

മേൽ സൂക്തത്തിന്റെ ഒരു പ്രയോഗരൂപം കാണാം:

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ ﷺ، كَانَ يَدْعُو عِنْدَ النَّوْمِ: اللَّهُمَّ رَبَّ السَّمَاوَاتِ السَّبْعِ، وَرَبَّ الْعَرْشِ الْعَظِيمِ، رَبَّنَا وَرَبَّ كُلِّ شَيْءٍ، مُنْزِلَ التَّوْرَاةِ وَالْإِنْجِيلِ وَالْقُرْآنِ، فَالِقَ الْحَبِّ وَالنَّوَى، لَا إِلَهَ إِلَّا أَنْتَ، أَعُوذُ بِكَ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ، أَنْتَ الْأَوَّلُ لَيْسَ قَبْلَكَ شَيْءٌ، وَأَنْتَ الْآخِرُ لَيْسَ بَعْدَكَ شَيْءٌ، وَأَنْتَ الظَّاهِرُ لَيْسَ فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ لَيْسَ دُونَكَ شَيْءٌ، اقْضِ عَنَّا الدَّيْنَ، وَأَغْنِنَا مِنَ الْفَقْرِ. [أحمد في مسنده وصححه الألباني]

അബൂഹുറെയ്റഃ رضي الله عنه നിവേദനം. നബി ﷺ ഉറങ്ങാൻ സമയത്ത് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

ഏഴാകാശങ്ങളുടെയും റബ്ബേ,
മഹത്തായ അർശിന്റെ റബ്ബേ,
ഞങ്ങളുടെ റബ്ബേ,
സർവ്വചരാചരങ്ങളുടെയും റബ്ബേ,
തൗറാത്തും ഇഞ്ചീലും ഖുർആനും ഇറക്കിയവനായ (റബ്ബേ),

ധാന്യമണിയും വിത്തും പിളർക്കുന്നവനായ (റബ്ബേ),

നീയല്ലാതെ ന്യായമായും ആരാധിക്കപ്പെടാനായി ആരുമേ ഇല്ല.

ഏതിന്റെയെല്ലാം കുടുമ നീ പിടിച്ചിരിക്കുന്നുവോ അവയുടെയെല്ലാം ദോഷങ്ങളിൽനിന്ന് ഞാൻ നിന്നോട് കാവൽ തേടുന്നു.

നീ ആദിയാണ്; നിനക്ക് മുമ്പ് ഒന്നുമേ ഇല്ല.

നീ അനന്തനാണ്; നിനക്ക് ശേഷം ഒന്നുമേ ഇല്ല.

നീ ഉപരിയിലാണ്; നിനക്കു മീതെ ഒന്നുമേ ഇല്ല.

നീ ഉള്ളായവനാണ്; നിന്നെക്കാൾ അടുത്തവനായി ആരുമേ ഇല്ല.

ഞങ്ങളുടെ ഋണബാധ്യതകൾ നീ തീർത്തു തരികയും ദാരിദ്ര്യത്തിൽനിന്ന് ഞങ്ങൾക്ക് നീ ഐശ്വര്യമേകുകയും ചെയ്യണേ. (അഹ്മദ് മുസ്നദിൽ ഉദ്ധരിച്ചത്)

അല്ലാഹു 'അവ്വൽ' അഥവാ ആദിയാണ്. എന്നുവെച്ചാൽ ഒന്നാമൻ. സൂക്ഷ്മമായി പറഞ്ഞാൽ ആദ്യമോ തുടക്കമോ ഇല്ലാത്തവൻ. കാരണം അവൻ ഉണ്ടായവനല്ല; ഉള്ളവനാണ്. അവനു മുമ്പ് ഒന്നുമേ ഇല്ല. ആദിയെന്നും അവനു മുമ്പ് എന്നുമൊക്കെ പറയുമ്പോൾ അത് മനുഷ്യർക്ക് വ്യവഹരിക്കാൻ പാകത്തിലുള്ള ഒരു ഭാഷാപ്രയോഗം മാത്രം. അവനു മുമ്പ് എന്നു പറയാവുന്ന ഒരവസ്ഥ തന്നെയില്ലെന്നതാണ് വസ്തുത.

അവൻ 'ആഖിർ' അഥവാ അന്തിമനാണ്. അവന് ഒടുക്കമില്ല. അവൻ അമരനാണ്. അവനു മരണമില്ല. അവനു ശേഷം ഒന്നുമേയില്ല. അന്തിമൻ എന്നും അവനു ശേഷം എന്നുമൊക്കെ പറയുന്നതും ഒരു ഭാഷാപരമായ പ്രയോഗം മാത്രമാണ്. അവനു ശേഷം എന്നു പറയാവുന്ന ഒരവസ്ഥ തന്നെയില്ല എന്നതാണു കാര്യം.

അവൻ 'ളാഹിർ' അഥവാ എല്ലാറ്റിനും മീതെയാണ്. ഉയരങ്ങൾക്കെല്ലാം ഉപരിയിലാണ്. സൃഷ്ടികൾക്കെല്ലാം മീതെയാണ്. ഏറ്റവും വലിയതും ഉയർന്നു പോകുന്ന ശ്രേണിയിൽ അവസാന

ത്തേതുമായ സൃഷ്ടി അർശ് അതിനും ഉപരിയിലാണവൻ. അവനു മീതെ ഒന്നുമില്ല. അവനു മീതെ എന്നത് കേവലം ഒരു ഭാഷാപ്ര യോഗം മാത്രം. കാരണം, അവനു മീതെ എന്നു പറയാവുന്ന ഒരിട മില്ല എന്നതാണ് യാഥാർത്ഥ്യം.

സൃഷ്ടികൾക്കെല്ലാം മീതെ, അർശിനും ഉപരിയിൽ അത്യു ന്നതനായി വാഴുന്ന അല്ലാഹു 'ബാത്വിൻ' അഥവാ ഉള്ളായവൻ കൂടിയാണ്; അഥവാ ഏറ്റവും അടുത്തവൻ. അന്തസ്ഥമായ എല്ലാം അവനറിയുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. അന്തരാള രഹ സ്യങ്ങൾ, ഹൃദയവികാര വിചാരങ്ങൾ, കണ്ണിന്റെ കട്ടുനോട്ടങ്ങൾ.. എല്ലാം അറിയുന്നവനാണവൻ. ഉള്ളുകളെക്കാളെല്ലാം അരികിലാ ണവൻ. ജീവനാഡിയെക്കാളും സമീപസ്ഥനായവൻ. അവനാണ് ഏറ്റവും ഉള്ളായവൻ; അവനാണ് ഏറ്റവും അടുത്തവൻ. അതിനും ഉള്ളിൽ ആർക്കും എത്താനാവില്ല. അവനെക്കാൾ അടുത്തവനായി ആരുമില്ല. ഇതൊരു പരിമിതമായ ഭാഷാപ്രയോഗം മാത്രം. കാരണം, അവൻ എത്തുന്നതിനുമപ്പുറം, അതിനും ഉള്ളിൽ, അതിനും താഴെ എന്ന ഒരിടം തന്നെയില്ല എന്നതാണു സത്യം.

പരാമൃഷ്ട ഖുർആൻ സൂക്തവും നബിവചനവും തെര്യ പ്പെടുത്തുന്നത് അല്ലാഹു സ്ഥലകാലങ്ങളെ ചൂഴ്ന്നുനിൽക്കുന്നു എന്നാണ്. സ്ഥലവും കാലവും അവന്റെ സൃഷ്ടികൾ. അവയെ മാത്ര മല്ല, മുഴുസൃഷ്ടികളെയും അവൻ ചൂഴ്ന്നു നിൽക്കുന്നു. അവ ദൃശ്യാ ദൃശ്യ പ്രപഞ്ചങ്ങളോ, അവയിലുള്ള വസ്തുക്കളോ വസ്തുതകളോ പ്രതിഭാസങ്ങളോ എന്തുമായിക്കൊള്ളട്ടെ, അവൻ സമസ്ത സൃഷ്ടി കളെയും ചൂഴ്ന്നുനിൽക്കുന്നു. അവന്റെ അറിവും കഴിവും നിയന്ത്ര ണവും അധീശത്വവും എല്ലാറ്റിനെയും വലയം ചെയ്തിരിക്കുന്നു.

﴿أَلَا إِنَّهُمْ فِي مِرْيَةٍ مِّن لِّقَاءِ رَبِّهِمْ ۗ أَلَا إِنَّهُ بِكُلِّ شَيْءٍ مُّحِيطٌ﴾ (فصلت 54)

ശ്രദ്ധിക്കുക! തങ്ങളുടെ റബ്ബിനെ കണ്ടുമുട്ടേണ്ടിവരുമോ എന്ന സംശയത്തിലാണവർ. അറിയുക! അവൻ എല്ലാറ്റിനെയും ചൂഴ്ന്നു നിൽക്കുന്നവനാണ്. (ഫുസ്സിലത്ത് 54)

അവനാണ് റബ്ബ്. അവൻ മാത്രമാണ് ന്യായമായും ആരാധിക്കപ്പെടേണ്ട ഇലാഹും.

﴿إِنَّمَا إِلَٰهُكُمُ اللَّهُ الَّذِي لَا إِلَٰهَ إِلَّا هُوَ ۚ وَسِعَ كُلَّ شَيْءٍ عِلْمًا﴾ (طه 98)

നിങ്ങൾ ന്യായമായും ആരാധിക്കേണ്ടവൻ അല്ലാഹു മാത്രമാണ്. അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനുമില്ല. അറിവിനാൽ അവൻ എല്ലാറ്റിനെയും ചൂഴ്ന്നു നിൽക്കുന്നു. (ത്വാഹാ 98)

അവൻ എല്ലാറ്റിനെയും ചൂഴ്ന്നുനിൽക്കുന്നു എന്നാൽ അവൻ സൃഷ്ടികളിൽ വ്യാപിച്ചു കിടക്കുന്നു എന്നർത്ഥമില്ല. മറിച്ച് സൃഷ്ടികൾക്കതീതനും സൃഷ്ടികൾക്കെല്ലാം ഉപരിയിലുമാണ് അവൻ. ചൂഴ്ന്നുനിൽക്കുക (إحاطة) എന്ന പരാമർശത്തെ അദ്വൈതത്തിലേക്കോ, സർവ്വവ്യാപി എന്ന തെറ്റായ സങ്കൽപനത്തിലേക്കോ വഴിമാറ്റിക്കളയരുത്. അവൻ എല്ലാറ്റിനെയും ചൂഴ്ന്നുനിൽക്കുന്നത് അവന്റെ അറിവ്, കഴിവ്, ഉടമസ്ഥത, അധികാരം, നിയന്ത്രണം മുതലായ കാര്യങ്ങളിലൂടെയാണ്.

സൃഷ്ടികൾക്കാർക്കും അവനെയോ അവന്റെ ഏതെങ്കിലും ഒരു കാര്യത്തെയോ ചൂഴ്ന്നുനിൽക്കാനാവില്ല. അവനെ കുറിച്ച് നമുക്ക് അറിയാൻ കഴിയുക, അവൻ ഇച്ഛാനുസാരം അറിയിച്ചു തന്നതു മാത്രം.

﴿يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلَّا بِمَا شَاءَ ۚ وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالْأَرْضَ ۖ وَلَا يَئُودُهُ حِفْظُهُمَا ۚ وَهُوَ الْعَلِيُّ الْعَظِيمُ﴾ (البقرة 255)

അവരുടെ മുമ്പിലും പിന്നിലുമുള്ള എല്ലാം അവൻ സൂക്ഷ്മമായി അറിയുന്നു. അവൻ ഇച്ഛിക്കുന്നതല്ലാതെ അവന്റെ അറിവിൽപെട്ട ഒന്നും അവർക്കറിയാൻ കഴിയില്ല. അവന്റെ കുർസിയ്യ് ആകാശ ഭൂമികളെ മുഴുവനും ഉൾക്കൊള്ളുന്നതാണ്. അവയുടെ പരിപാലനം അവനൊരു ഭാരമേയല്ല. അവൻ ഉന്നതനും മഹാനുമത്രെ. (ബഖറഃ 255)

കുർസിയ്യ് എന്നത് അല്ലാഹുവിന്റെ പാദസ്ഥാനം. അർശിനു കീഴിലെ കുർസിയ്യ് അനന്ത വിസ്തൃതമായ ഒരു സൈകത ഭൂമിയിൽ കിടക്കുന്ന വട്ടക്കണ്ണി പോലെ മാത്രം. കുർസിയ്യിനു കീഴിൽ ഏഴാകാശവും തഥൈവ. അതാണ് അല്ലാഹുവിന്റെ സൃഷ്ടികളായ അർശും കുർസിയ്യും തമ്മിലുള്ള ആകാരാനുപാതം. അതേപോലെ തന്നെയാണ് വലിപ്പത്തിൽ കുർസിയ്യും ഏഴാകാശങ്ങളും തമ്മിലുള്ള അനുപാതവും. അപ്പോൾ അല്ലാഹുവിന്റെ വലിപ്പവും മഹത്വവും എങ്ങനെ വർണ്ണിക്കാനാണ്!! അവന്റെ വലിപ്പം വർണ്ണിക്കാൻ വാക്കുകൾക്കാവില്ല. നമ്മുടെ ഭാവനാ ശേഷിക്ക് അതിനെ ഉൾക്കൊള്ളാനും കഴിയില്ല. അതിനാൽ നാം പറയുക:

أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِك !!

അല്ലാഹവേ, നിന്നെ കുറിച്ച് നീ വർണ്ണിച്ചത് എങ്ങനെയാണോ അതേ പ്രകാരമാണു നീ..

﴿وَقُلِ الْحَمْدُ لِلَّهِ الَّذِي لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُ شَرِيكٌ فِي الْمُلْكِ وَلَمْ يَكُن لَّهُ وَلِيٌّ مِّنَ الذُّلِّ وَكَبِّرْهُ تَكْبِيرًا﴾ (الإسراء **111**)

പറയുക: ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ലാത്ത, ആധിപത്യത്തിൽ ഒരു പങ്കാളിയുമില്ലാത്ത, നിന്ദ്യതയിൽനിന്ന് മോചിപ്പിക്കാൻ ഒരു രക്ഷകനെയും ആവശ്യമില്ലാത്ത അല്ലാഹവിന് സ്തുതി. അവനെ നീ ശരിയാംവണ്ണം മഹത്വപ്പെടുത്തുക. (ഇസ്റാഅ് 111)

അവന്റെ ഏകത്വം ഉയർത്തിപ്പിടിക്കാൻ, അവനെ ശരിയാംവണ്ണം മഹത്വപ്പെടുത്താൻ അവൻ തന്നെ പഠിപ്പിച്ച വാക്കാണ് അല്ലാഹു അക്ബർ. മഹത്വത്തിന്റെ ഈ വചനം ഭൂഗോളം തിരിയുന്ന കാലമത്രയും അതിന്റെ മുക്കുമൂലകളിൽനിന്നെല്ലാം സദാ ഉയർത്തപ്പെടും. ദിഗന്തങ്ങളിൽ അത് മുഴങ്ങിക്കേൾക്കും. അഷ്ടദിക്കുകളെയും അത് ഭേദിക്കും. ജനകോടികളുടെ മനസ്സുകളിൽ അതിന്റെ അനുരണനങ്ങളുയരും. അല്ലാഹുവാണ് ഏറ്റവും വലിയവൻ!

അല്ലാഹു അക്ബർ!!

## എനിക്കുള്ളത്? മൂന്നെണ്ണം..

മുകളിൽ പറഞ്ഞ നാലും അല്ലാഹുവിനുള്ളതാണ്. ശരി, എനിക്കുള്ളതെന്താണ്? ഗ്രാമീണനായ ആ അറബിയുടെ നിഷ്കപടമായ ചോദ്യം! അതെ, മൂന്നു കാര്യങ്ങൾ തന്നെ!!

**1. മഗ്ഫിറഃ അഥവാ പാപമോചനം**

"അല്ലാഹുവേ, എനിക്ക് മഗ്ഫിറത്ത് നൽകണേ.." അടിയന്റെ യാചന.

"ഞാൻ അത് ചെയ്തിരിക്കുന്നു" റബ്ബിന്റെ മറുപടി.

അടിയരായ മനുഷ്യരുടെ കുറ്റങ്ങളും കുറവുകളും മായ്ക്കുക. മണൽത്തിട്ടയിൽ പതിഞ്ഞ കാൽപ്പാടുകൾ കാറ്റ് മണൽ വീഴ്ത്തി മൂടിക്കളയുന്ന പോലെ, ഒരടയാളവും അവശേഷിപ്പിക്കാതെ മായ്ച്ചുകളയുക. അതാണ് മഗ്ഫിറഃ. തെറ്റുകളിൽ നിന്ന് മടങ്ങുന്നവർക്ക് തെറ്റു ചെയ്യാത്തവരെ പോലെ ആദിവിശുദ്ധിയിലേക്ക് തിരിച്ചു പോകാനുള്ള പോംവഴി.

ഞാൻ മടങ്ങുന്നു, എന്നെ തിരിച്ചെടുത്താലും.. മടക്കത്തിന്റെ ഒരു വാക്ക്. പാപമോചനത്തിന്റെ ഒരു തേട്ടം. അതു മതി അല്ലാഹുവിന് കൈ നീട്ടി സ്വീകരിക്കാൻ. അവൻ പറയും: ഞാൻ അത് ചെയ്തിരിക്കുന്നു!!

അടിയരായ നമുക്ക് ഇത് പോരേ? എന്തിന് നിരാശപ്പെടുന്നു? അത്രമേൽ തെറ്റുകുറ്റങ്ങൾ അധികരിപ്പിച്ചു എന്ന ഭയമാണോ? എങ്കിൽ നിങ്ങൾ അല്ലാഹുവിന്റെ വചനം കേൾക്കണം:

﴿قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنْفُسِهِمْ لَا تَقْنَطُوا مِنْ رَحْمَةِ اللَّهِ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ﴾ (الزمر: 53)

പറയുക: സ്വന്തത്തോട് അതിരില്ലാതെ അക്രമം കാണിച്ച എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ച് നിങ്ങൾക്കൊട്ടും നിരാശ വേണ്ട. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുക തന്നെ ചെയ്യും. നിശ്ചയമായും അവൻ പാപങ്ങൾ ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാണ്. (സുമർ 53)

മനുഷ്യൻ തെറ്റ് ചെയ്യുന്നവൻ. തെറ്റ് ചെയ്യാത്തവൻ മലക്ക്. മനുഷ്യരിൽ നിന്ന് അല്ലാഹു പ്രതീക്ഷിക്കുന്നത് തെറ്റ് ചെയ്യാതിരിക്കലല്ല. തെറ്റ് ചെയ്തിട്ട് അവനെ ഓർത്ത് മടങ്ങുകയും അവനോട് മാപ്പിരക്കുകയും ചെയ്യുക എന്നതാണ്. അവരുടെ കണ്ണീരു കാണാനും മാപ്പുനൽകാനുമാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. മനുഷ്യർ മലക്കുകളെ പോലെ തെറ്റ് ചെയ്യാത്തവരായാൽ തെറ്റ് ചെയ്യുന്ന സാക്ഷാൽ മനുഷ്യരെ അവൻ പകരം കൊണ്ടുവരും.

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ ﷺ: وَالَّذِي نَفْسِي بِيَدِهِ لَوْ لَمْ تُذْنِبُوا لَذَهَبَ اللهُ بِكُمْ، وَلَجَاءَ بِقَوْمٍ يُذْنِبُونَ، فَيَسْتَغْفِرُونَ اللهَ فَيَغْفِرُ لَهُمْ. (مسلم في صحيحه)

അബൂ ഹുറെയ്റഃ رضي الله عنه നിവേദനം. നബി ﷺ പറഞ്ഞു:

എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെ സത്യം!

നിങ്ങൾ ഒരു തെറ്റും ചെയ്യാത്തവരായാൽ അല്ലാഹു നിങ്ങളെ നിഷ്കാസനം ചെയ്യും. അനന്തരം, തെറ്റ് ചെയ്തിട്ട് അല്ലാഹുവിനോട് മാപ്പിരക്കുകയും അവൻ അവർക്ക് പൊറുത്തു കൊടുക്കുകയും ചെയ്യുന്ന മറ്റൊരു ജനതയെ പകരം കൊണ്ടുവരും.

(മുസ്ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

തെറ്റ് ചെയ്യുന്ന മനുഷ്യൻ, പാപങ്ങൾ പൊറുക്കുന്ന അല്ലാഹു, പാപമോചനം തേടിയുള്ള തിരിച്ചുവരവ്, അല്ലാഹുവിന്റെ കാരുണ്യ മുദ്രകൾ..! എന്തൊരാശ്വാസം!! എത്ര മനോഹരം!!!

ആശ്വാസം കൊണ്ടും ആനന്ദം കൊണ്ടും മനസ്സിനെ ത്രസിപ്പിക്കുന്ന, സിരകളെ ഊഷ്മളമാക്കുന്ന ഒരു നബിവചനം കൂടി കാണുക:

عن أَبَي هُرَيْرَةَ، قَالَ: سَمِعْتُ النَّبِيَّ ﷺ قَالَ: إِنَّ عَبْدًا أَصَابَ ذَنْبًا فَقَالَ: رَبِّ أَذْنَبْتُ فَاغْفِرْ لِي، فَقَالَ رَبُّهُ: أَعَلِمَ عَبْدِي أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِهِ؟ غَفَرْتُ لِعَبْدِي، ثُمَّ مَكَثَ مَا شَاءَ اللَّهُ ثُمَّ أَصَابَ ذَنْبًا، فَقَالَ: رَبِّ أَذْنَبْتُ آخَرَ، فَاغْفِرْهُ؟ فَقَالَ:

أَعَلِمَ عَبْدِي أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِهِ؟ غَفَرْتُ لِعَبْدِي، ثُمَّ مَكَثَ مَا شَاءَ اللَّهُ، ثُمَّ أَذْنَبَ ذَنْبًا، قَالَ: رَبِّ أَصَبْتُ آخَرَ، فَاغْفِرْهُ لِي، فَقَالَ: أَعَلِمَ عَبْدِي أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِهِ؟ غَفَرْتُ لِعَبْدِي ثَلاَثًا، فَلْيَعْمَلْ مَا شَاءَ. (البخاري في صحيحه)

അബൂ ഹുറെയ്റഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നത് ഞാൻ കേട്ടു:

അടിയൻ തെറ്റു ചെയ്തിട്ട് പറഞ്ഞു:
റബ്ബേ എനിക്ക് തെറ്റുപറ്റി; നീ എന്നോട് പൊറുക്കണേ..

അവന്റെ റബ്ബ് പ്രതിവചിച്ചു:
പാപങ്ങൾ പൊറുക്കുകയും തന്നെ സ്വീകരിക്കുകയും ചെയ്യുന്ന ഒരു റബ്ബ് തനിക്കുണ്ടെന്ന് തന്റെ അടിയന് ബോധ്യമുണ്ടല്ലോ. ഞാൻ അവനോട് പൊറുത്തിരിക്കുന്നു.

അല്ലാഹു ഉദ്ദേശിച്ച കാലം അവൻ അങ്ങനെ കഴിച്ചുകൂട്ടി. ശേഷം ഒരു തെറ്റു കൂടി ചെയ്തു. എന്നിട്ട് അവൻ പറഞ്ഞു:
റബ്ബേ, ഞാൻ മറ്റൊരു തെറ്റു കൂടി ചെയ്തു പോയി. അതുകൂടി നീ പൊറുക്കുമോ?

അവന്റെ റബ്ബ് പറഞ്ഞു:
പാപങ്ങൾ പൊറുക്കുകയും തന്നെ സ്വീകരിക്കുകയും ചെയ്യുന്ന ഒരു റബ്ബ് തനിക്കുണ്ടെന്ന് തന്റെ അടിയന് ബോധ്യമുണ്ടല്ലോ. ഞാൻ അവനോട് പൊറുത്തിരിക്കുന്നു.
പിന്നെയും അല്ലാഹു ഉദ്ദേശിച്ച അത്രയും കാലം അവൻ കഴിച്ചുകൂട്ടി. ശേഷം ഒരു തെറ്റു കൂടി ചെയ്തു. പിന്നെയും അവൻ പറഞ്ഞു: റബ്ബേ, എനിക്ക് ഒരു തെറ്റു കൂടി പറ്റിപ്പോയി. അതു കൂടി നീ പൊറുക്കുമോ?

അവന്റെ റബ്ബ് പറഞ്ഞു:
പാപങ്ങൾ പൊറുക്കുകയും തന്നെ സ്വീകരിക്കുകയും ചെയ്യുന്ന

ഒരു റബ്ബ് തനിക്കുണ്ടെന്ന് തന്റെ അടിയന് ബോധ്യമുണ്ടല്ലോ. ഞാൻ അവനോട് പൊറുത്തിരിക്കുന്നു. അങ്ങനെ മൂന്നു തവണ!!

അവൻ ഉദ്ദേശിക്കുന്നത് ചെയ്യട്ടെ!!

(ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

തെറ്റ് ചെയ്യുന്നതിലല്ല പ്രശ്നം. അത് മാനുഷികമാണ്. സംഭവിച്ചു കഴിഞ്ഞാൽ അല്ലാഹുവിനെ ഓർത്ത് അതിൽനിന്ന് മടങ്ങുകയും മാപ്പിരക്കുകയും ചെയ്യുന്നുണ്ടോ എന്നതാണ് കാര്യം. അങ്ങനെ ചെയ്യുന്നവരാണെങ്കിൽ കുഴപ്പമില്ല. അവർ ഉദ്ദേശിക്കുന്നത് ചെയ്യട്ടെ. റബ്ബിന്റെ കാരുണ്യം അടിയന്റെ തെറ്റുകളെക്കാൾ എത്ര വലുതാണ്! ഈ തിരിച്ചുവരവും പാപമോചനത്തിനുള്ള തേട്ടവും തന്നെയാണ് ശരിയായ അതിജീവന തന്ത്രം.

﴿وَمَا كَانَ اللَّهُ لِيُعَذِّبَهُمْ وَأَنْتَ فِيهِمْ وَمَا كَانَ اللَّهُ مُعَذِّبَهُمْ وَهُمْ يَسْتَغْفِرُونَ﴾ (الأنفال: 33)

നീ അവരിൽ ഉണ്ടായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല. അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല. (അൻഫാൽ 33)

നബി ﷺ സമൂഹത്തിന് ഒരു സുരക്ഷയായിരുന്നു. അത് അവസാനിച്ചു. ഇനിയുള്ള സുരക്ഷാ മാർഗ്ഗം പാപമോചനത്തിനുള്ള തേട്ടമാണ്. അതു തന്നെയാണ് ഇസ്തിഗ്ഫാറിന്റെ വിലയും.

വിശ്വാസിയാണെങ്കിൽ ഒരു തെറ്റും സംഭവിക്കാൻ പാടില്ലെന്ന ഒരു മനോഭാവമുണ്ട്. അത് ഒട്ടും ശരിയല്ല. വിശ്വാസി മനുഷ്യനാണ്. മനുഷ്യൻ തെറ്റു ചെയ്തിരിക്കും. പക്ഷെ, വിശ്വാസി അല്ലാഹുവിൽ വിശ്വസിക്കുന്നു. സദാ അവനെ ഓർക്കുന്നു. തെറ്റുകൾ സംഭവിച്ചാൽ അവനെ ഓർത്ത് മടങ്ങുന്നു. അതാണ് വിശ്വാസിയുടെ സവിശേഷത.

﴿وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ وَمَن يَغْفِرُ الذُّنُوبَ إِلَّا اللَّهُ وَلَمْ يُصِرُّوا عَلَىٰ مَا فَعَلُوا وَهُمْ يَعْلَمُونَ﴾ (آل عمران: 135)

വല്ല നീചകൃത്യമോ, അല്ലെങ്കിൽ സ്വന്തത്തോടു തന്നെ വല്ല അക്രമമോ ചെയ്തുപോയാൽ അല്ലാഹുവിനെ കുറിച്ച് ഓർമ്മ വരികയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പിരക്കുകയും ചെയ്യുന്നവരാണ് അവർ. അല്ലാഹു അല്ലാതെ ആരാണ് പാപങ്ങൾ പൊറുക്കുക! കൂടാതെ, ചെയ്തു പോയതിൽ അറിഞ്ഞുകൊണ്ട് ഉറച്ചു നിൽക്കാത്തവരാണവർ. (ആലു ഇംറാൻ 135)

**2. റഹ്മഃ അഥവാ കാരുണ്യം**

അടിയൻ ഇരക്കുന്നു: "അല്ലാഹുവേ, എനിക്ക് റഹ്മത്ത് നൽകണേ.."

റബ്ബ് പറയുന്നു: "ഞാൻ അത് ചെയ്തിരിക്കുന്നു."

അവൻ റഹ്മാനും റഹീമുമാണ്. റഹ്മാനും റഹീമും എന്നത് അവന്റെ ഉൽകൃഷ്ട നാമങ്ങളാണ്. അവയിൽ ഉൾച്ചേർന്നിരിക്കുന്നത് റഹ്മത്ത് എന്ന ഗുണവിശേഷവും. അവനോട് മാത്രമേ റഹ്മത്ത് ചോദിക്കാവൂ. അവന്റെ ആ രണ്ടു പേരുകൾ വിളിച്ചുകൊണ്ട് റഹ്മത്ത് ചോദിക്കുന്നതാണ് കൂടുതൽ അഭികാമ്യവും.

അല്ലാഹു റഹ്മത്ത് ചെയ്യുന്നു എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് മൂന്ന് കാര്യങ്ങളാണ്:

1. അവൻ ഉദാത്തമായ എല്ലാ ആഗ്രഹങ്ങളും സഫലീകരിച്ചു തരുന്നു
2. ഭയപ്പെടുന്ന കാര്യങ്ങളിൽനിന്നെല്ലാം സംരക്ഷണമേകുന്നു
3. സംഭവിച്ചുപോയ തെറ്റുകളിൽനിന്ന് പാപവിമുക്തി നൽകുന്നു

ഈ മൂന്ന് ആശയങ്ങളുടെയും സമുച്ചയമാണ് (ensemble) റഹ്മത്ത്. കാരുണ്യം എന്ന പദം ഇതിനു പകരമാവില്ല. അത് ഉദ്ദിഷ്ട ആശയങ്ങളെ പ്രകാശിപ്പിക്കാൻ പര്യാപ്തമല്ലെന്നു വ്യക്തമായല്ലോ. കാരുണ്യം എന്ന പദം ഇത്തരം സന്ദർഭങ്ങളിൽ പ്രയോഗിച്ചു കാണുമ്പോൾ അതിന്റെ വിവക്ഷ മേൽ വിശദീകരിച്ച കാര്യങ്ങളാണെന്ന് മനസ്സിലാക്കുക.

ചർച്ചക്ക് ആധാരമാക്കിയ ദിക്റിലുള്ളതു പോലെ, മുകളിൽ കൊടുത്ത മൂന്നു കാര്യങ്ങളിൽ അവസാനത്തേത് പ്രത്യേകം വേർതിരിച്ച് പരാമർശിക്കുന്ന ശൈലിയുണ്ട്. അഥവാ, റഹ്മത്തും മഗ്ഫിറത്തും ഒരുമിച്ച് പറയും. അത്തരം സന്ദർഭങ്ങളിൽ റഹ്മത്തിന്റെ വിവക്ഷ ആദ്യത്തെ രണ്ടു കാര്യങ്ങൾ മാത്രമായിരിക്കും എന്നോർത്തുവെക്കുക.

ഒരു വാക്ക്. മൂന്ന് ആശയങ്ങൾ. മനുഷ്യാവശ്യങ്ങളുടെ മുഴു പ്രപഞ്ചങ്ങളെയും അത് വലയം ചെയ്തിരിക്കുന്നു. പ്രാർത്ഥനാ വചനങ്ങൾ അങ്ങനെയാണ്-നബി ﷺ പഠിപ്പിച്ചതാണെങ്കിൽ. എനിക്കുള്ളതെന്താണ് എന്ന ചോദ്യത്തിന് ഇതിൽ കവിഞ്ഞ മറ്റൊരുത്തരമുണ്ടോ?

പരലോകത്ത് വെച്ച് അല്ലാഹു നൽകുന്ന അപാരമായ കാരുണ്യത്തിന്റെ നേർചിത്രം മനസ്സിലാക്കുന്നതിനു വേണ്ടി പ്രശസ്തമായ ഒരു ഹദീസ് കൂടി ഉദ്ധരിക്കാം:

عَنْ صَفْوَانَ بْنِ مُحْرِزٍ المَازِنِيِّ، قَالَ: بَيْنَمَا أَنَا أَمْشِي مَعَ ابْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا آخِذٌ بِيَدِهِ، إِذْ عَرَضَ رَجُلٌ، فَقَالَ: كَيْفَ سَمِعْتَ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ فِي النَّجْوَى؟ فَقَالَ: سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ: إِنَّ اللَّهَ يُدْنِي المُؤْمِنَ، فَيَضَعُ عَلَيْهِ كَنَفَهُ وَيَسْتُرُهُ، فَيَقُولُ: أَتَعْرِفُ ذَنْبَ كَذَا، أَتَعْرِفُ ذَنْبَ كَذَا؟ فَيَقُولُ: نَعَمْ أَيْ رَبِّ، حَتَّى إِذَا قَرَّرَهُ بِذُنُوبِهِ، وَرَأَى فِي نَفْسِهِ أَنَّهُ هَلَكَ، قَالَ: سَتَرْتُهَا عَلَيْكَ فِي الدُّنْيَا، وَأَنَا أَغْفِرُهَا لَكَ اليَوْمَ، فَيُعْطَى كِتَابَ حَسَنَاتِهِ، وَأَمَّا الكَافِرُ وَالمُنَافِقُونَ، فَيَقُولُ الأَشْهَادُ: ﴿هَؤُلاَءِ الَّذِينَ كَذَبُوا عَلَى رَبِّهِمْ أَلاَ لَعْنَةُ اللَّهِ عَلَى الظَّالِمِينَ﴾ (هود: 18) [البخاري في صحيحه]

സ്വഫ്വാൻ ബിൻ മുഹ്രിസ് നിവേദനം. അദ്ദേഹം പറയുന്നു: ഇബ്നു ഉമർ رضي الله عنه ന്റെ കൈപിടിച്ചു കൊണ്ട് ഒരിക്കൽ ഞാൻ കൂടെ നടക്കുമ്പോൾ ഒരാൾ മുന്നിൽ വന്നു കൊണ്ട് ചോദിച്ചു: നജ്വായെ (സ്വകാര്യ ഭാഷണം) കുറിച്ച് എന്താണ് നബി ﷺ പറഞ്ഞതായി താങ്കൾ കേട്ടിട്ടുള്ളത്? അദ്ദേഹം പറഞ്ഞു: നബി ﷺ

ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: അല്ലാഹു ഒരു വിശ്വാസിയെ ചേർത്തുനിർത്തും. അവനുമേൽ തന്റെ كَنَفٌ (ഭാഷാർത്ഥം: ഭാഗം, മറ) വെച്ച് അവനെ മറച്ചുപിടിക്കുകയും ചെയ്യും. എന്നിട്ട് ചോദിക്കും: ഇന്ന തെറ്റു ചെയ്തത് നിനക്ക് അറിയില്ലേ? ഇന്ന തെറ്റു ചെയ്തത് നിനക്ക് അറിയില്ലേ? അപ്പോൾ അവൻ പറയും: അതേ, റബ്ബേ.. അങ്ങനെ അവന്റെ പാപങ്ങളെല്ലാം അവനെക്കൊണ്ട് അംഗീകരിപ്പിക്കുകയും താൻ നശിച്ചതു തന്നെ എന്ന് അവൻ മനസ്സിലുറപ്പിക്കുകയും ചെയ്യുമ്പോൾ അല്ലാഹു പറയും: ഇഹലോകത്ത് വെച്ച് അവയെല്ലാം നിനക്കു ഞാൻ മറച്ചു തന്നു. ഇന്ന് അവയെല്ലാം നിനക്കു ഞാൻ പൊറുത്തുതരികയും ചെയ്തിരിക്കുന്നു. അങ്ങനെ തന്റെ നന്മയുടെ ഏടുകൾ അവനു നൽകപ്പെടും. എന്നാൽ അവിശ്വാസികളുടെയും കപടന്മാരുടെയും കാര്യത്തിൽ സാക്ഷികൾ വിളിച്ചു പറയും: ഇവരാണ് തങ്ങളുടെ റബ്ബിന്റെ പേരിൽ കള്ളം പറഞ്ഞവർ. അറിയുക! അല്ലാഹുവിന്റെ ശാപം അക്രമികളുടെമേൽ ഭവിച്ചിരിക്കുന്നു!! (ഹൂദ് 18) (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

**3. രിസ്ഖ് അഥവാ വിഭവം**

• "അല്ലാഹുവേ, എനിക്ക് രിസ്ഖ് നൽകണേ.." അടിയൻ പ്രാർത്ഥിക്കുന്നു.

• "ഞാൻ അത് ചെയ്തിരിക്കുന്നു." അല്ലാഹു ഉത്തരം ചെയ്യുന്നു.

• അപ്പോൾ രിസ്ഖ് എന്നാൽ എന്താണ്? മലയാളി പറയും: ഭക്ഷണം. അല്ല, അതിലെ ഒരിനം മാത്രമാണത്. വാഹനമെന്നാൽ എന്താണ് എന്ന ചോദ്യത്തിന് സൈക്കിൾ എന്ന ഉത്തരം പോലെ. ഭക്ഷണം മാത്രമല്ല, അല്ലാഹു നൽകുന്ന എല്ലാ വിഭവങ്ങളും രിസ്ഖാണ്. ബൗദ്ധികവും മാനസികവും കായികവുമായ ക്ഷമതകൾ, കഴിവുകൾ, നിപുണികൾ.., പ്രത്യക്ഷവും പരോക്ഷവുമായ വിഭവങ്ങൾ, പ്രകൃതിപരവും പ്രാപഞ്ചികവുമായ ഉപജീവന മാർഗ്ഗങ്ങൾ.. അതിന്റെ പട്ടിക നമുക്ക് തിട്ടപ്പെടുത്താനാവില്ല. ഹദീസ് നിഘണ്ടു അന്നിഹായയിൽ പറയുന്നത് ഇപ്രകാരമാണ്: "أرزاق" രണ്ടുതരമാണ്. ഭക്ഷണം പോലെ ശരീരത്തിനു വേണ്ട പ്രത്യക്ഷമായവയും, അറിവും വിജ്ഞാനവും പോലെ ഹൃദയത്തിനും മനസ്സിനും വേണ്ട പരോ

ക്ഷമായവയും.' ആയുരാരോഗ്യ സമ്പൽ സന്താന സമൃദ്ധിയെല്ലാം ഭൗതിക തലത്തിലുള്ളതാണെങ്കിൽ അറിവ്, വിശ്വാസം, തഖ്‌വഃ, സൽസ്വഭാവം, ധാർമ്മികത, നൈതികത പോലുള്ളവ ആത്മീയത ലത്തിലുള്ളതാണ്. പ്രകൃതിപരം, പ്രാപഞ്ചികം എന്നു പറയാവുന്ന നിരവധി രിസ്ഖുകൾ വേറെയുമുണ്ട്.

﴿وَمَا أَنْزَلَ اللهُ من السَّماءَ من رِزْقٍ فأحْيا بهِ الأَرضَ بعدَ مَوْتِها...﴾ (الجاثية 5)

അല്ലാഹു ആകാശത്തുനിന്ന് വിഭവമിറക്കിയതിലും, അതു മുഖേന ഭൂമിയുടെ നിർജ്ജീവാവസ്ഥക്കു ശേഷം അതിനെ ജീവ സ്സുറ്റതാക്കിയതിലും... (ജാഥിയഃ 5)

﴿وَفِي السَّماءَ رِزْقُكُم وَمَا توعَدُونَ﴾ (الذاريات 22)

ഉപരിലോകത്ത് നിങ്ങൾക്കുള്ള വിഭവവും, നിങ്ങൾക്ക് നൽക പ്പെടുന്ന വാഗ്ദാനവുമുണ്ട്. (ദാരിയാത്ത് 22)

ഞാൻ അല്ലാഹുവിന്റെ സൃഷ്ടി. എന്റെ ആവശ്യങ്ങൾ സൂക്ഷ്മ മായി അറിയുന്നത് സ്രഷ്ടാവായ അല്ലാഹുവിന് തന്നെയാണ്; എനിക്കല്ല. ഞാൻ അത് നിർണ്ണയിക്കാൻ മുതിരുന്നതിൽ വലിയ അർത്ഥമില്ല. അവൻ കൽപിച്ച പോലെ ഞാൻ ചോദിക്കുന്നു: എനി ക്കാവശ്യമായ വിഭവം (رِزْقٌ) നൽകണേ റഹ്‌മാനേ.. ആമീൻ.

ഇതാണ് നാലും മൂന്നും ഏഴിന്റെ കഥ. ഇതിനപ്പുറം ഒരു കഥ യില്ല. പറയപ്പെട്ട കഥകളെല്ലാം ദിക്റിന്റെ സംസ്ഥാപനത്തിനു വേണ്ടിയാണ്.

ദാനം ചെയ്യാൻ സ്വർണ്ണവും വെള്ളിയുമില്ലാത്തവർ, യുദ്ധം ചെയ്യാൻ ശേഷിയും ശേമുഷിയുമില്ലാത്തവർ, രാത്രികാലങ്ങളിൽ ആരാധനയിൽ മുഴുകാൻ ക്ഷമയും സഹനവുമില്ലാത്തവർ.. ആരും നിരാശപ്പെടേണ്ടതില്ല. അറിയുക! ഇത് പകരം പോലുമല്ല; ഇതാണ്

അടിസ്ഥാനം. നാലും മൂന്നും ഏഴ്. അതാണ് ബാക്കിയാവുന്നത്. അതാണ് അവശേഷിക്കുന്ന സുകൃതങ്ങൾ.